

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പാറശ്ശാല ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.റ്റിവിഎം/ ജിപി.1/1494/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 08/11/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാറശ്ശാല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.റ്റിവിഎം/ ജിപി.1/1494/2023 തീയ്യതി: 08/11/2023

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീജ.കെ	ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)	18-08-2023	24-08-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
18-08-2023	24-08-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധുലാബീവി. എം. (ഓഡിറ്റ് ഓഫീസർ, ഹ.ഗ്രേ.)
ശ്രീമതി ആശ. ജി.ആർ (അസി. ഓഡിറ്റ് ഓഫീസർ)
ശ്രീ ശ്രീജിത്ത് എസ്.കെ.(Pen No.455538)(സിനീയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി പ്രീത ജാസ്മിൻ. ഡി.ആർ. (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി സുനിതാബാബു. ബി.എസ്.(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി പ്രിയദർശിനി. എസ്.ആർ. (ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി മഞ്ജുസ്മിത	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ. വി.ജി. ഗോപകുമാർ	സെക്രട്ടറി	01-04-2022	24-10-2022
ശ്രീ. കൃഷ്ണകുമാർ. ബി.കെ.	സെക്രട്ടറി	25-10-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ലീന. എസ്.എൽ.	കൃഷി ഓഫീസർ	01-04-2022	31-03-2023
ശ്രീമതി സോണി. എസ്.ആർ.	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2022	31-03-2023
ഡോ.ലിജിമോൾ	മെഡിക്കൽ ഓഫീസർ പി.എച്ച്.സി.	01-04-2022	31-03-2023
ഡോ. അനി ബ്രിസ്കില്ല	വെറ്റിനറി സർജൻ	01-04-2022	31-03-2023
ശ്രീമതി അജിതകുമാരി. എ.വി.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	26-10-2022
ശ്രീ അഭയൻ. ബി.	അസിസ്റ്റന്റ് സെക്രട്ടറി	26-10-2022	31-03-2023
ഡോ. കെ.പി. സിന്ധുറാണി	ആയുർവേദ മെഡിക്കൽ ഓഫീസർ	01-04-2022	31-03-2023
ശ്രീമതി രമ്യ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	31-03-2023
ശ്രീമതി.ശ്രീരമ്യ.എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ ബി	01-04-2022	31-03-2023

ശ്രീ. ദീപു.സി.എൽ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ എ	01-04-2022	31-10-2022
ശ്രീമതി മിനിമോൾ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ എ	01-11-2022	31-03-2023
ശ്രീ റ്റി.എസ്.ക്ലമന്റ്	അസിസ്റ്റന്റ് എഞ്ചീനീയർ	01-04-2022	31-05-2022
ശ്രീമതി സൗമ്യ.എസ്	അസിസ്റ്റന്റ് എഞ്ചീനീയർ	01-06-2022	17-08-2022
ശ്രീമതി ആശ.എൻ	അസിസ്റ്റന്റ് എഞ്ചീനീയർ	18-08-2022	13-09-2022
ശ്രീമതി അമ്പിളി	അസിസ്റ്റന്റ് എഞ്ചീനീയർ	14-09-2022	31-03-2023
ശ്രീമതി മിനി.ജെ.എൻ	ഹെഡ്മിസ്ട്രസ്	01-04-2022	06-07-2022
വേക്കന്റ് കാലയളവ്	ഹെഡ്മാസ്റ്റർ	07-07-2022	07-11-2022
ശ്രീ ജോൺ സേവ്യർ.റ്റി	ഹെഡ്മാസ്റ്റർ	08-11-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല.	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നില്ല.	1-1-2
4	അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് എൻട്രി സമയബന്ധിതമായി നടത്തുന്നില്ല.	1-1-3
5	വാതിൽപ്പടി സേവനത്തിനായി ആരംഭിച്ച അക്കൌണ്ട് വിവരങ്ങൾ എ എഫ് എസ്സിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-4
6	മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ എ എഫ് എസ്സുമായി പൊരുത്തപ്പെടുന്നില്ല.	1-1-5
7	നിക്ഷേപ പ്രവർത്തികൾക്കായി ചെലവഴിച്ച തുക എഎഫ്എസ്സുമായി പൊരുത്തപ്പെടുന്നില്ല.	1-1-6
8	ട്രഷറി കോവിഡ് അക്കൌണ്ടിലെ നീക്കിയിരിപ്പ് തുകയും മുന്നിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-7
9	മുൻ വർഷ ബാലൻസ് ഷീറ്റിലെ Tressury Own Fund VPFA I-3 എന്ന അക്കൌണ്ട് തൻ വർഷ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടു കാണുന്നില്ല.	1-1-8
10	LGTSB Own Fund അക്കൌണ്ട് നെഗറ്റീവ് ബാലൻസ് ആണ്.	1-1-9
11	ക്യാഷ് ഫ്ലോ പത്രികയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തിക വിശകലനം	1-3
14	ഗ്രാന്റ് വിനിയോഗം	1-4
15	പദ്ധതി അവലോകനം	1-5
16	മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നു.	1-6-1
17	ക്ഷേമ പദ്ധതികൾ	1-6
18	ക്യാഷ് പരിശോധന	1-7
19	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-8
20	തൊഴിലുറപ്പ് പദ്ധതി- അപാകതകൾ	1-9-1
21	തൊഴിലുറപ്പ് പദ്ധതി- അവലോകനം	1-9
22	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
23	പഞ്ചായത്ത് കമ്മിറ്റി തീരുമാനം - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.	1-11
24	ആഡിറ്റോറിയങ്ങളുടെ കെട്ടിട നികുതി കുടിശ്ശിക	1-12
25	മൊബൈൽ ടവറുകളുടെ കെട്ടിട നികുതി കുടിശ്ശിക.	1-13

26	ഷോപ്പിംഗ് കോംപ്ലക്സിലെ 2022-23-ലെ കടമുറികളുടെ വാടക കുടിശ്ശിക.	1-14
27	തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച	1-15
28	അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.	1-16
29	റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയതിന്റെ തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.	1-17
30	വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല -91761/ രൂപ തടസ്സപ്പെടുത്തുന്നു.	1-18
31	പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത വയോജന ക്ലബ് ഓഫീസിനായി സാധനങ്ങൾ വാങ്ങി സൂക്ഷിച്ചിരിക്കുന്നു	1-19
32	ജാഗ്രത സമിതി ഓഫീസ് പ്രവർത്തനക്ഷമമാക്കിയിട്ടില്ല	1-20
33	വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാതെ നോമിനൽ രജിസ്റ്റർ- ഉത്തരവ് പാലിക്കേണ്ടതാണ്.	1-21
34	ആരോഗ്യഗ്രാമം- ജിംനേഷ്യത്തിലെ ചെലവുകൾ സംബന്ധിച്ച അപാകതകൾ	1-22
35	സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ നിയമനങ്ങൾ നടത്തുന്നു.	1-23
36	വാഹന പരിപാലനം - അപാകതകൾ	1-24
37	പഞ്ചായത്തിലെ വാഹനങ്ങളുടെ വിവരങ്ങൾ VEELS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ല.	1-25
38	കുളം നവീകരണ പ്രോജക്റ്റിൽ തെറ്റായ സ്പെസിഫിക്കേഷൻ നൽകി അധിക ചെലവുണ്ടായി- ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.	1-26
39	റൂഫിംഗ് പ്രവർത്തികൾ നിർവ്വഹിക്കുമ്പോൾ ശരിയായ സ്പെസിഫിക്കേഷൻ നൽകുി അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.	1-27
40	ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല	1-28
41	ചെലവുരേഖകളില്ല – 41,295/-രൂപ തടസ്സപ്പെടുത്തുന്നു.	1-29
42	കുടുബശ്രീ പരമ്പരാഗത തൊഴിൽ സംരംഭം- ആവശ്യമായ രേഖകളുടെ അഭാവത്തിൽ 1,60,000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.	1-30
43	റോഡ് കോൺക്രീറ്റ് പ്രവർത്തികളിൽ ഫോംവർക്ക് ഉൾപ്പെടാതെ നിർവ്വഹിക്കുകയാണെങ്കിൽ ആയതിന്റെ നിരക്ക് ഒഴിവാക്കി കരാറുകാരന് തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്	1-31

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ / വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1-1 ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ, അക്കൌണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ടി പത്രികകൾ ഉൾപ്പെടുത്തുന്നതാണ് എന്ന് മറുപടി നൽകി.(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.10/22.8.2023)

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 4(1), 11/07/2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 13/07/2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **പാറശ്ശാല** ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2022-23 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **പാറശ്ശാല** ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-2 വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നില്ല.

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് മൂല്യ നിർണയം നടത്തി അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.10/22.8.2023).

1-1-3 അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് എൻട്രി സമയബന്ധിതമായി നടത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രതിമാസം വസ്തു നികുതിക്കും തൊഴിൽ നികുതിക്കും ഡിമാന്റ് എൻട്രി നടത്തിയിട്ടില്ല. 2022-23 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ/ തീയതി
110100101	Property Tax On Residential Buildings	42201632/31.03.2023
110100102	Property Tax On Non Residential Buildings	42201633/31.03.2023
110200101	Profession Tax - Institutions	42100068/31.03.2023

വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി നല്കി. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.10/22.8.2023).

1-1-4 വാതിൽപ്പടി സേവനത്തിനായി ആരംഭിച്ച അക്കൌണ്ട് വിവരങ്ങൾ എ എഫ് എസ്സിൽ ഉൾപ്പെടുത്തിയിട്ടില്ല.

വാതിൽപ്പടി സേവനത്തിനായി അസി.സെക്രട്ടറി , പ്രസിഡന്റ് എന്നിവരുടെ പേരിൽ ആരംഭിച്ച അക്കൌണ്ടിന്റെ വിവരങ്ങൾ എ എഫ് എസ്സിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ വാതിൽപ്പടി സേവനത്തിനായി ഫെഡറൽ ബാങ്കിൽ 30.08.2022 ൽ അക്കൌണ്ട് ഓപ്പൺ ചെയ്തിട്ടുണ്ടെന്ന് മറുപടി നൽകി (ഓഡിറ്റ് എൻകയറി നം.10/22.8.2023) . 10270100247953 എന്ന അക്കൌണ്ടിന്റെ വിവരങ്ങൾ എ എഫ് എസ്സിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-1-5 മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ എ എഫ് എസ്സുമായി പൊരുത്തപ്പെടുന്നില്ല.

മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

	ക്യാഷ് ബുക്ക്	വാർഷിക ധനകാര്യ പത്രിക
മുന്നിരിപ്പ്	0	0
വരവ്	1666636/-	1666636/-
ചെലവ്	1666636/-	147/-
നീക്കിയിരുപ്പ്	0	0

എഎഫ്എസ്സ് പ്രകാരമുള്ള ചെലവ് 11666636/- രൂപയാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/22.8.23) മറുപടി നൽകിയെങ്കിലും ഐ14 (എഫ്) ൽ 147/- രൂപ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടീ അപാകത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-6 നിക്ഷേപ പ്രവർത്തികൾക്കായി ചെലവഴിച്ച തുക എഎഫ്എസ്സുമായി പൊരുത്തപ്പെടുന്നില്ല.

സുലേഖ ചെലവ് പത്രിക പ്രകാരം കെസ്ഇബിക്ക് മൂന്ന് പ്രോജക്ടുകൾക്കായി ചെലവ് ചെയ്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക
171/23, ഇലട്രിക് പോസ്റ്റ് ഷിഫ്റ്റിങ്ങ്	484828/-
172/23, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	392794/-
104/23, ഇലട്രിക് പോസ്റ്റ് ഷിഫ്റ്റിങ്ങ്	267591/-
ആകെ	1145213/-

എന്നാൽ എഎഫ്എസ്സ് ൽ കെഎസ്സ് ഇ ബിക്ക് തൻവർഷം മുൻകൂർ തുക നൽകിയതായി രേഖപ്പെടുത്തിയിട്ടില്ല. ആയതിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/22.08.23) മേൽ തുകകൾ റെസിപ്റ്റ് ആന്റ് പെയ്മെന്റ് (RP49(D) ഷെഡ്യൂളിൽ ഉൾപ്പെടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും, വിനിയോഗ്യ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, ആയത് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി നൽകി.

1-1-7 ട്രഷറി കോവിഡ് അക്കൌണ്ടിലെ നീക്കിയിരിപ്പ് തുകയും മുന്നിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2022-23 വാർഷിക ധനകാര്യപത്രികയിലെ റെസീപ്റ്റ് ആന്റ് പേയ്മെന്റ് 40(A)ൽ Tressury Covid (799011400006518) എന്ന അക്കൌണ്ടിലെ മുന്നിരിപ്പ് തുകയായ 506400/-രൂപ മുൻ വർഷ ബാലൻസ്ഷീറ്റിലെ B17 ലെ നീക്കിയിരിപ്പ് തുകയുമായി (174400/-) പൊരുത്തപ്പെടുന്നില്ല. ടി അപാകതയ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/22.08.23), മുൻവർഷത്തെ അപാകത 2022-23 വർഷം പരിഹരിച്ചിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ എപ്രകാരമാണ് അപാകത പരിഹരിച്ചതെന്ന് വ്യക്തമല്ല. അപാകത പരിഹരിച്ചതിന്റെ മുഴുവൻ വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-1-8 മുൻ വർഷ ബാലൻസ് ഷീറ്റിലെ Tressury Own Fund VPFA I-3 എന്ന അക്കൌണ്ട് തൻ വർഷ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടു കാണുന്നില്ല.

മുൻ വർഷ ബാലൻസ് ഷീറ്റ് B17ലെ Tressury Own Fund VPFA I-3 എന്ന അക്കൌണ്ടിൽ തൻ വർഷ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ടീ അപാകതയ്ക്ക് മേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/22.08.23) , സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൌണ്ട് ആയ 799011400006518 ൽ നിന്നും 22.3.2022 തീയതിയിൽ 186249 നമ്പർ ചെക്ക് പ്രകാരം 332000/- രൂപ പിൻവലിക്കുകയും ടി അക്കൌണ്ട് സീറോ ബാലൻസ് ആക്കുകയും ചെയ്തിട്ടുള്ളതാണെന്ന് മറുപടി നൽകി. പിൻവലിച്ച തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-1-9 LGTSB Own Fund അക്കൌണ്ട് നെഗറ്റീവ് ബാലൻസ് ആണ്.

വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ്ഷീറ്റിലെ RP 40(B) എന്നിവയിൽ LGTSB Own Fund അക്കൌണ്ട് നെഗറ്റീവ് ബാലൻസ് (-373041) ആണ്. ടി അപാകതയ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/22.08.23) , 2022-23 സാമ്പത്തിക വർഷ അവസാനം LGTSB Own Fund അക്കൌണ്ടിൽ ഉണ്ടായിരുന്ന 17223489/- രൂപ റിസംപ്ഷൻ പ്രകാരം ബഹു. സർക്കാർ തിരിച്ചു പിടിക്കുകയും ഏപ്രിൽ മാസം തിരികെ തന്നിട്ടുള്ളതുമാണെന്നും 31.3.2023ൽ ഐ എൽ ജി എം എസ്സിൽ ടി അക്കൌണ്ടിൽ നിന്നും 373041/-രൂപയുടെ പേയ്മെന്റ് നടത്തിയതിനാലാണ് അക്കൌണ്ട് നെഗറ്റീവ് ബാലൻസ് കാണിക്കുന്നതെന്നും മറുപടി നൽകി.

1-1-10 ക്യാഷ് ഫ്ലോ പത്രികയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

	ബജറ്റ്	റിവൈസ്ഡ് ബജറ്റ്
പാസ്സാക്കിയ തീയതി	22/3/2022	2/3/2023
ഭരണസമിതി തീരുമാനം	1/1	3/1
മുന്നിരിപ്പ്	7911978/-	7711978/-
പ്രതീക്ഷിത വരവ്	668987000/-	839996751/-
പ്രതീക്ഷിത ചെലവ്	665342000/-	839252148/-
നീക്കിയിരിപ്പ്	11556978/-	8456581/-

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്താരവും, വാസ്തവികവും ആയിരിക്കേണ്ടതാണ്. ബജറ്റ് പ്രകാരമുള്ള തനത് ഇനങ്ങളുടെ പ്രതീക്ഷിത വരവ് വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള പ്രതീക്ഷിത വരവിനേക്കാൾ വളരെ കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്	വാർഷികധനകാര്യ പത്രിക പ്രകാരമുള്ള പ്രതീക്ഷിത വരവ്
വസ്തു നികുതി	12500000/-	10333123/-
തൊഴിൽ നികുതി	6500000/-	5208643/-

1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

മുന്നിരിപ്പ്	30396888

ഓഡിറ്റ് വർഷത്തെ വരവ്	103264165
ഓഡിറ്റ് വർഷത്തെ ചെലവ്	90724246
നീക്കിയിരിപ്പ്	42936807

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മന്റ്, സുലേഖ ചെലവു പത്രിക, എ.സി.ആർ, വാർഷിക ധനാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വികസനഫണ്ട് അലോട്ട്മെന്റിൽ നിന്നും ലൈഫ് വായ്പ തിരിച്ചടവ് (6618846/-രൂപ), അങ്കണവാടി ജീവനക്കാർക്കുള്ള ഓണറേറിയം (2102400/-രൂപ) എന്നീയിനങ്ങളിലെ തുക സ്രോതസ്സിൽ നിന്നും കുറവു ചെയ്താണ് സർക്കാർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം സ്രോതസ്സിൽ നിന്നും കുറവുചെയ്യുന്ന തുക ഗ്രാമപഞ്ചായത്ത് പദ്ധതി വരവായും, ചെലവായും ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ തുകയ്ക്ക് വരവു രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ചെലവു തുകകൾ വരവിലുമധികമായി രേഖപ്പെടുത്തിയിരിക്കുന്നു.

വരവ് വിശദാംശം

ഫണ്ടിനം	ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരം	സർക്കാർ ഉത്തരവുകൾ പ്രകാരം
വികസനഫണ്ട് (ജനറൽ)	25298717	33143220
വികസനഫണ്ട് (എസ്.സി.പി)	11417257	12294000

2) ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള ചെലവു തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല

ചെലവ് വിശദാംശം

ഫണ്ടിനം	ഗ്രാന്റ് സ്റ്റേറ്റ്മന്റ്/ സുലേഖ പ്രകാരം	എ.സി.ആർ പ്രകാരം
വികസനഫണ്ട് (ജനറൽ)	30627316	25279444
വികസനഫണ്ട് (എസ്.സി.പി)	10781971	10195228
കേന്ദ്ര ധനകാര്യ കമ്മിഷൻ അവാർഡ്	11528177	12195025
മെയിന്റനൻസ് റോഡിതരം	7497394	8346929

3) കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഫണ്ടിനം തിരിച്ച് ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) സംയുക്ത പ്രോജക്കുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്കുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്കുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്കുകൾക്കായി ലഭിച്ച തുകകളിൽ തിരികെ ഒടുക്കിയിട്ടില്ലാത്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	കോഡ്	തദ്ദേശ സ്ഥാപനം	തുക
1	320700204	ബ്ലോക്ക് പഞ്ചായത്ത്	1354290

2	320700404	ബ്ലോക്ക് പഞ്ചായത്ത്	120000

30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ 1474290/- രൂപ ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ജോയിന്റ് വെൻച്വർ റ്റി.എസ്.ബി. അക്കൌണ്ടിലെ നീക്കിയിരുപ്പ് '0' ആണ്. സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുക ഏതു അക്കൌണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടില്ല.

5) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

6) വികസന ഫണ്ടിന്റെ മൂന്നാംഗഡു അനുവദിച്ച സർക്കാർ ഉത്തരവ് നം 1049/23ധന തി- 13-2-23 ഖണ്ഡിക പ്രകാരം സ ഉ (കൈ) 179/ 22 തിയ്യതി 18-10-22 ന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് ചെയ്യപ്പെടുന്നതിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിന്റെ മൂന്നാംഗഡുവിൽ നിന്നും 1% കുറവു വരുത്തിയിട്ടുണ്ട്. പാറശ്ശാല ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട മൂന്നാം ഗഡുവിൽ നിന്നും 334780/- രൂപ ഇപ്രകാരം കുറവു ചെയ്തിട്ടുണ്ട്. തനത് വരവിനങ്ങളുടെ കളക്ഷനിൽ കുറവു വരാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

ടി അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(23/23.8.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1-5-1. ആസൂത്രണ സമിതി.

1. പതിന്നാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022/തസ്വഭവ തീയതി 19.04.2022, ഖ.3.1.1 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവംബർ 1ന് മുമ്പ് നിലവിലുള്ള ആസൂത്രണ സമിതികൾ ആവശ്യമെങ്കിൽ പുനസംഘടിപ്പിക്കേണ്ടതാണ്. അപ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻകുയറി (1/21/08/23) പ്രകാരം പുനസംഘടിപ്പിച്ചിട്ടില്ലായെന്ന് മറുപടി നൽകി.

2. പുനസംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം മാർഗ്ഗരേഖയുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഫോറം 1 ൽ രേഖപ്പെടുത്തേണ്ടതും അത് തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടക സ്ഥാപനങ്ങളുടേയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിൽ വിവരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ

വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻകൃയറി (1/21/08/23) പ്രകാരം വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയില്ലായെന്ന് മറുപടി നൽകി.

3. മാർഗ്ഗ രേഖയുടെ ഖ.3.1.1 എ 7 പ്രകാരം ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കണമെന്നും പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനു ശേഷം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമിതി യോഗം ചേരണമെന്നും നിഷ്കർച്ചിട്ടുണ്ട്. കൂടാതെ മാർഗ്ഗരേഖയുടെ ഖ.3.1.1 ബി 1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണസമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് ആസൂത്രണസമിതിയുടെ മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആസൂത്രണസമിതി യോഗം 2022-23 കാലയളവിൽ 2 തവണ കൂടിയിട്ടുണ്ടെങ്കിലും മാർഗ്ഗരേഖ അനുശാസിക്കുന്ന വിധത്തിൽ ചുമതലകൾ നിർവഹിച്ചിട്ടില്ലായെന്ന് മിനിട്സിൽ നിന്ന് വ്യക്തമാകുന്നു.

1-5-2. വർക്കിംഗ് ഗ്രൂപ്പുകൾ

സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്.

ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന വാർഡ് സഭാ യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. ഖണ്ഡിക 3.1.2(ബി)13 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും പാലിച്ചതായി വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് യോഗം ചേർന്നിട്ടുണ്ട്. എന്നാൽ എല്ലാ തീരുമാനങ്ങളും പദ്ധതികളായി രൂപപ്പെട്ടിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്ഥാപനം സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വർക്കിംഗ് ഗ്രൂപ്പ്	തീയതി	നിർദ്ദേശം	റിമാർക്സ്
1	ആരോഗ്യം	30/06/22	സ്കൂൾ കുട്ടികൾക്ക് യോഗ പദ്ധതി, ഹോമിയോ ആശുപത്രിക്ക് കെട്ടിട നിർമ്മാണം, പി.എച്ച്.സി. യിൽ സി.സി.റ്റി.വി. നിർമ്മാണം	സ്കൂൾ കുട്ടികൾക്ക് യോഗ പദ്ധതി,ഹോമിയോ ആശുപത്രിക്ക് കെട്ടിട നിർമ്മാണം എന്നീ പദ്ധതികൾ തൻ വർഷം എറ്റെടുത്തിട്ടില്ലായെന്നും 23-24 ൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വരും വർഷങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് മറ്റു പദ്ധതികൾ എറ്റെടുക്കുന്നതാണെന്നും ഓഡിറ്റ് എൻകൃയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്
2	വിദ്യാഭ്യാസം	07/07/22	ലൈബ്രറികളിൽ കമ്പ്യൂട്ടർ, വനിതാക്ലബ്, ജിം, യോഗ ഇവ കോർത്തിണക്കി	23-24 ൽഉൾപ്പെടുത്തിയിട്ടില്ലെന്നും വരും വർഷങ്ങളിൽ ഫണ്ടിന്റ ലഭ്യതയ്ക്ക അനുസരിച്ച് മറ്റു പദ്ധതികൾ

			പരിശീലന സെന്റർ സ്ഥാപിക്കുക	എറ്റെടുക്കുന്നതാണെന്നും ഓഡിറ്റ് എൻകെയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്
3	പൊതുമരാമത്ത്	02/06/22	റോഡ് നിർമ്മാണത്തിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുക, നിലവിൽ സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടിക്ക് കെട്ടിടം നിർമ്മിക്കുക, ജലജീവൻ പദ്ധതി പ്രകാരം വാട്ടർകണക്ഷൻ നല്കുക	റോഡ് നിർമ്മാണത്തിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിന്റെ ഭാഗമായി ഡിജിറ്റലൈസേഷൻ എന്ന പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. ഫണ്ടിന്റ ലഭ്യതയ്ക്ക് അനുസരിച്ച് മറ്റു പദ്ധതികൾ എറ്റെടുക്കുന്നതാണെന്നും ഓഡിറ്റ് എൻകെയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്
4	ദാരിദ്ര ലഘൂകരണം	തിയതി രേഖപ്പെടുത്തിയിട്ടില്ല	ലൈഫിൽ ഉൾപ്പെട്ടവർക്ക് ഭൂമി വാങ്ങുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കുക,സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായങ്ങൾ ചെയ്യുക	23-24 ൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും വരും വർഷങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് മറ്റു പദ്ധതികൾ എറ്റെടുക്കുന്നതാണെന്നും ഓഡിറ്റ് എൻകെയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്.

1-5-3. സ്റ്റാറ്റസ് റിപ്പോർട്ട്

വിവിധ മേഖലകളിലെ നിലവിലെ അവസ്ഥയും വികസനം എത്തപ്പെടേണ്ട മേഖലകളും വികസനം നേരിടുന്ന വെല്ലുവിളികളും പരിഹാരമാർഗങ്ങളും രൂപീകരിക്കേണ്ട പദ്ധതികളും ഉൾപ്പെടുന്ന ഒരു സമഗ്രമായ രേഖയാണ് ഓരോ സ്ഥാപനത്തിന്റെയും അവസ്ഥാ റിപ്പോർട്ട്. അത് കാലോചിതമായി പരിഷ്കരിക്കേണ്ടതും അത്യാവശ്യമാണ്. വിവിധ വിഷയമേഖലകളിലെ അവസ്ഥാ റിപ്പോർട്ട് 2022-23 വർഷം പുതുക്കിയിട്ടുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേനെ നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	മേഖല	തീവ്രത	പ്രശ്നം	
1	പ്രാദേശിക സാമ്പത്തിക വികസനം മേഖല	അതീവ ഗുരുതരം	ചെറുകിട വ്യവസായങ്ങൾ, മൊബൈൽ കളിനിക്	23-24ൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും വരും വർഷങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ഈ പദ്ധതികൾ എറ്റെടുക്കുന്നതാണെന്നും ഓഡിറ്റ് എൻകെയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്
2	കൃഷിമേഖല	ഗുരുതരം	വിപണനമേളകൾ	ഈ പദ്ധതികൾ തൻ വർഷം എറ്റെടുത്തിട്ടില്ലായെന്നും വരും വർഷങ്ങളിൽ ഫണ്ടിന്റ ലഭ്യതയ്ക്ക് അനുസരിച്ച് മറ്റു പദ്ധതികൾ എറ്റെടുക്കുന്നതാണെന്നും ഓഡിറ്റ് എൻകെയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്
3	പൊതുഭരണവും ധനകാര്യവും	ഗുരുതരം	പുതിയ കെട്ടിട നിർമ്മാണവും,ബസ് ടെർമിനലിന് സ്ഥലം വാങ്ങലുംനടപ്പിലാക്കുക	23-24 ൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും 24-25 ൽ സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്രിയിട്ടുണ്ടെന്നും

				ഓഡിറ്റ് എൻകയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്
4	സാമൂഹിക നീതി	ഗുരുതരം	വനിതകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമം	23-24 ൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഓഡിറ്റ് എൻകയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്
5	ദാരിദ്ര നിർമ്മാർജ്ജനം	ഗുരുതരം	വിവിധ മൈക്രോ യൂണിറ്റുകൾ	ഈ പദ്ധതികൾ തൻ വർഷം എറ്റെടുത്തിട്ടില്ലായെന്നും വരും വർഷങ്ങളിൽ ഫണ്ടിന്റ ലഭ്യതയ്ക്ക അനുസരിച്ച് മറ്റു പദ്ധതികൾ എറ്റെടുക്കുന്നതാണെന്നും ഓഡിറ്റ് എൻകയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്.

1-5-4 ഗ്രാമസഭകൾ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1 (1) പ്രകാരം വികസനപരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്.

ഗ്രാമസഭാ മിനിട്സുകൾ പരിശോധിച്ചതിൽ അത്തരത്തിലുള്ള നിബന്ധനകൾ പാലിച്ചിട്ടില്ലായെന്ന് കാണുന്നു

പദ്ധതി അവലോകനം

ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി)	ആകെ പദ്ധതി ചെലവ്
303	205	98	250226272	98306208

പദ്ധതി നിർവ്വഹണം

2022-23 സാമ്പത്തികവർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (ഗ്രു.വി. ഉൾപ്പെടെ)	ആകെ പദ്ധതി ചെലവ്	ചെലവ് ശതമാനം
ഐ.സി.ഡി.എസ് സൂപ്പർവൈസർ ഓഫീസർ	17	15	2	9946058	9175709	92.2%
പഞ്ചായത്ത് സെക്രട്ടറി	42	28	14	36954163	14416169	39%
മെഡിക്കൽ ഓഫീസർ PHC	10	8	2	3046305	1973780	64.8%

മെഡിക്കൽ ഓഫീസർ ആയുർവേദം	11	9	2	4244681	3783859	89.14%
ഫിഷറീസ് സബ് ഇൻസ്പെക്ടർ	4	4	0	2282957	474276	20.8%
കൃഷി ഓഫീസർ	12	12	0	4715833	2370356	50.3%
ഡെയറി ഫാം ഇൻ സ്ട്രക്ടർ	2	2	0	1850023	983490	53.2%
വെറ്റിനറി സർജൻ	13	11	2	10499000	3069247	29.23%
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	21	18	3	201985370	36514447	18.07%
അസിസ്റ്റന്റ് എഞ്ചിനീയർ	139	72	67	43630685	20685126	47.40%
ഹെഡ്മാസ്റ്റർ ഗവ: യു പി എസ്	12	10	2	3768679	2558764	68%
അസിസ്റ്റന്റ് സെക്രട്ടറി	20	16	4	4982358	2329945	47%

ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക	ചെലവ് തുക	ശതമാനം
പൊതുവിഭാഗം (ജനറൽ)	41295146	30627316	74%
എസ്.സി.പി.	13170743	10781971	81.9%
ടി.എസ്.പി.	--	ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം രേഖാ ചിത്രമായി ചേർക്കുന്നു.	


ധനകാര്യകമ്മിഷൻ അവാർഡ്	19121567	11528177	60.5%
കേന്ദ്രാവിഷ്കൃത ഫണ്ട്	9736186	3146429	32.3%
സംസ്ഥാനാവിഷ്കൃത ഫണ്ട്.	79110610	14179990	17.9%
തനത് ഫണ്ട്.	26837185	4654175	17.3%
മറ്റ് ഗ്രാമപഞ്ചായത്ത്	0	0	0
മറ്റ് ജില്ലാപഞ്ചായത്ത്	20082873	8196233	40.8%
മറ്റ് ബ്ളോക്ക് പഞ്ചായത്ത്	19479250	3961055	20.3%
മെയിന്റനൻസ് റോഡ്	10444661	3541156	33.9%
മെയിന്റനൻസ് നോൺ റോഡ്	10441746	7497394	71.8%
മറ്റുള്ളവ	77679840	28960	0.037%
ആകെ	327906112	98335168	29.9%

2022-23 സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സ് ആയ തുക എന്നിവ


ഫണ്ട്	2022-23 -ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ: ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക	2022-23 -ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം)	ലാപ്സായ തുക
വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം	33478000	30627316	2850684
വികസനഫണ്ട് എസ്.സി.പി	12294000	10781971	1512029
മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്	10274000	7497394	2776606
മെയിന്റനൻസ് ഗ്രാന്റ് റോഡ്	10394000	3541156	6852844
ആകെ	66440000	52447837	13992163

ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.

(1)



(2)



സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന ഗുരുതര പ്രശ്നങ്ങൾക്ക് പരിഹാരമായികൊണ്ട് വിവിധ പ്രോജക്ടുകൾ ഫണ്ടുകൾ ലാപ്സാകാത്ത രീതിയിൽ ചെലവ് ചെയ്യുന്നതിന് ഭരണ സമിതി ശ്രദ്ധചെലുത്തേണ്ടതാണ്.

1-6-1 മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നു.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2022-23 വർഷത്തെ മരണറിപ്പോർട്ടിലെ ആദ്യത്തെ അമ്പത് അപേക്ഷകളിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായും സസ്പെന്റ് ചെയ്യാതിരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു.

ക്രമ നം.	പേര്	പെൻഷൻ ഐഡി	മരണപ്പെട്ട തീയതി	നിലവിലെ സ്റ്റാറ്റസ്	അനർഹമായി പെൻഷൻ വിതരണം ചെയ്ത കാലയളവ്.	അധികം നൽകിയ തുക	റിമാർക്ക്
1	Reghupathi	103000201305	19.8.2022	Active	4/2023 – 6/2023	4800/-	തുക സഹകരണ സംഘത്തിന് കൈമാറി

2	Chellappan V	103000100427	15.12.2022	Active	4/2023 – 6/2023	4800/-	തുക സഹകരണ സംഘത്തിന് കൈമാറി
3	Rajayyan J	103000102312	18.12.2022	Active	4/2023 – 6/2023	4800/-	തുക സഹകരണ സംഘത്തിന് കൈമാറി
4	Savithriyamma **	101670206366	21.11.2022	Active	12/2022 - 6/2023	11200/-	തുക ബാങ്കിന് കൈമാറി
5	Ananthavalliyamma	103000100219	10.12.2022	Active	4/2023 – 6/2023	4800/-	തുക സഹകരണ സംഘത്തിന് കൈമാറി
6	Rosayyan	103000200453	16.11.2022	Active	4/2023 – 6/2023	4800/-	തുക സഹകരണ സംഘത്തിന് കൈമാറി
7	KamalaBai.J	103000201282	17.11.2022	Active	4/2023 – 6/2023	4800/-	തുക സഹകരണ സംഘത്തിന് കൈമാറി

സർക്കുലർ നമ്പർ 23/2023/ധന തീയതി08.03.23പ്രകാരം 2022 ഡിസംബർ മാസം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടതിൽ, പ്രാദേശിക സർക്കാരിലെ രേഖകൾ പ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരിൽ ആരും തന്നെ പെൻഷൻ കൈപ്പറ്റിയിട്ടില്ല എന്ന് വ്യക്തമാക്കിക്കൊണ്ടുള്ള ഒരു സർട്ടിഫിക്കറ്റ് എല്ലാ പ്രാദേശിക സർക്കാർ സെക്രട്ടറിമാരും 25.03.2023 നകം സർക്കാരിൽ ലഭ്യമാക്കേണ്ടതും സേവന പോർട്ടലിൽ അപ്ലോഡ് ചെയ്യേണ്ടതുമാണ് എന്ന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. തുടർന്നും മരണശേഷം പെൻഷൻ അനുവദിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/22.08.2023) ഗുണഭോക്താക്കൾ മരിച്ചതിന് ശേഷം സ്ഥാപനം സഹകരണ സംഘത്തിന് കൈമാറിയിട്ടുള്ള പെൻഷൻ തുക തിരിച്ചടയ്ക്കുന്നതിനും, പെൻഷൻ സസ്പെന്റ് ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി നൽകി.

മരണപ്പെട്ടവരെയും അനർഹരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനായി സർക്കാർ കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടും നിലവിലും മരണപ്പെട്ടവർക്ക് പെൻഷൻ അനുവദിക്കുന്നത് സ്ഥാപനത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മരണവിവരങ്ങൾ പരിശോധിച്ച്, അവയിൽ പെൻഷൻ ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ പെൻഷൻ സ്റ്റാറ്റസ് അടിയന്തിരമായി സസ്പെൻഡ് ചെയ്യേണ്ടതും, മരണശേഷം അനുവദിച്ചിട്ടുള്ള പെൻഷൻ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പെൻഷൻ ഗുണഭോക്താക്കളുടെ മരണവിവരം ഈ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം അതാത് സ്ഥാപനങ്ങളെ മുഖേന അറിയിക്കേണ്ടതാണ്.

1-6 ക്ഷേമ പദ്ധതികൾ

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽ രഹിത വേതനം	1440	12
കർഷക തൊഴിലാളി പെൻഷൻ	8791900	914
വിധവാ പെൻഷൻ	24368000	2417
വാർദ്ധക്യകാല പെൻഷൻ	43974100	4769
വികലാംഗ പെൻഷൻ	10110800	960

വിവാഹ ധനസഹായം	270000	9
അവിവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	603200	58

1-7 കൃാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കൃാഷ് ബാലൻസ് പരിശോധന 22.08.2023, 3 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 89178/- രൂപ കൃാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തനിയന്ത്രണസംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട് എന്ന് പരിശോധനയിൽ കാണുന്നു.

1) ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. നികുതി പിരിവ് കുറവ് ആയതിനാൽ തൻവർഷത്തെ വികസനഫണ്ട് -3,34,780രൂപ കുറവായിട്ടാണ് ലഭിച്ചത്.

2) പദ്ധതി ആസൂത്രണ പ്രക്രിയയിൽ വിവിധ സമിതികളുടെ പങ്കാളിത്തം മെച്ചപ്പെടേണ്ടതുണ്ട്.

3) ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യസുരക്ഷ പെൻഷൻ അനുവദിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

4) മുൻവർഷങ്ങളിലുൾപ്പെടെ നിർദ്ദേശം നല്കിയിട്ടും ട്രേഡേഴ്സ് ലിസ്റ്റ് നാളിതുവരെ കാലികമാക്കിയിട്ടില്ല.

5) അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.
6) തെരുവു വിളക്കുകളുടെപരിപാലനം കുറ്റമറ്റ രീതിയിൽ ചെയ്യേണ്ടതാണ്.

1-9-1 തൊഴിലുറപ്പ് പദ്ധതി- അപാകതകൾ

I. 2022-23 സാമ്പത്തിക വർഷത്തിൽ MNREGS മുഖേന നടപ്പിലാക്കിയ ചുവടെ പറയുന്ന പ്രവൃത്തികൾക്ക് (മുൻ വർഷങ്ങളിൽ പൂർത്തിയാക്കിയവ) മെറ്റീരിയൽ വിതരണം ചെയ്ത ഇനത്തിൽ കരാറുകാർക്ക് തുക അനുവദിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയിൽ മെറ്റീരിയൽ വിതരണം സംബന്ധിക്കുന്ന 31.3.2012 തീയതിയിലെ സ.ഉ(കൈ) നം.93/2012/ത.സ്വ.ഭ.വ, യിലെ വ്യവസ്ഥകൾ പാലിക്കുന്നതായി കാണുന്നില്ല. പ്രവൃത്തികളെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ പറയുന്നു.

A. കിരുവിക്കാട്- പൊറ്റവിള നടപ്പാത കോൺക്രീറ്റ്

RC/338232

Contractor : Pradeep

RS. 286638/-

B.കൊല്ലീയോട്- കർക്കാല നെടിയാവിള നടപ്പാത കോൺക്രീറ്റ്

RC/352291

Contractor : David

RS. 390754/-

C. നെടുങ്ങോട് തച്ചവിള റോഡ് കോൺക്രീറ്റ്

RC/347094

Contractor : David Raj

RS. 361362/-

D. കോട്ടയ്ക്കകം ശിവക്ഷേത്രം നടപ്പാത കോൺക്രീറ്റ്

RC/346498

Contractor : David Raj

RS.223334/-

E. IPC ചർച്ച് -മച്ചിങ്ങാത്തോട്ടം നടപ്പാത കോൺക്രീറ്റ്

RC/338622

Contractor : David Raj

RS.407605/-

F. പരക്കുടിവിള-ഊറ്റുക്കുളം നടപ്പാത കോൺക്രീറ്റ്

RC/351029

Contractor : David Raj

RS.388787/-

G. കീഴ് വിള – ഗോവിന്ദമംഗലം നടപ്പാത കോൺക്രീറ്റ്

RC/345659

Contractor : Pradeep

RS.270322/-

കരാറുകാർ വിതരണം നടത്തിയ മെറ്റീരിയൽസ് സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം നടത്തിയതിന്റെയോ രേഖകൾ ലഭ്യമല്ലാത്തതിനാൽ ആയവ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിനായി 23.8.2023 തീയതിയിൽ ഓഡിറ്റ് എൻകയറി നം.- 27 നൽകിയെങ്കിലും ആയതിന് മറുപടിയോ, സ്റ്റോക്ക് വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല.

II. MNREGS മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് പൊതു പരിശോധന, സാങ്കേതിക പരിശോധന എന്നിവ ഉണ്ടായിരിക്കേണ്ടതാണെന്നും, ടി പരിശോധനകൾ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പ്, പ്രവർത്തി നടക്കുമ്പോൾ, പ്രവർത്തി പൂർത്തിയായി കഴിഞ്ഞ് എന്നീ അവസരങ്ങളിൽ നടത്തേണ്ടതാണെന്നും, ആയത് സംബന്ധിച്ച വിശദ വിവരങ്ങളും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 11.1.2021 തീയതിയിലെ നം.ഡി.ഡി2/336/2020/ത.സ്വ.ഭ.വ ന്റെ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളിൽ ഇത്തരം പരിശോധനകൾ നടത്തിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി 24.8.2023 തീയതിയിൽ ഓഡിറ്റ് എൻകയറി നം.- 29 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ ഓഡിറ്റ് എൻകയറികൾ മുഖാന്തിരം ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതും, മെറ്റീരിയൽ വിതരണം, ആവശ്യമായ പരിശോധനകൾ എന്നിവ സംബന്ധിച്ച സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ ഭാവിയിൽ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-9 തൊഴിലുറപ്പ് പദ്ധതി- അവലോകനം

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	0	1666636	1666636	1666636*	0
ഗുണഭോക്തൃാക്കൾക്ക് നേരിട്ട് നൽകുന്നത	0	107270006	107270006	107270006	0
ആകെ	0	108936642	108936642	108936642	0

*ക്യാഷ് ബുക്ക് പ്രകാരമുള്ള ചെലവാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.
1) എ.എഫ്.എസ് I-14 (എഫ്)-ൽ 147/- രൂപ മാത്രമാണ് ചെലവ് . എന്നാൽ ബി4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് '0' ആണ്. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.
2) ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക I-6-ൽ രേഖപ്പെടുത്തിയിരിക്കുന്നത് ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	28.09.2018	2013-14 മുതൽ 2017-18 വരെ	01.12.2018

1-11 പഞ്ചായത്ത് കമ്മിറ്റി തീരുമാനം - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് ഭരണസമിതിയുടെ വിവിധ തീരുമാനങ്ങളിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം5/19.08.2023) ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	തീരുമാനം നം, തീയതി	തീരുമാനം	സ്വീകരിച്ച തുടർനടപടികൾ (ഓഡിറ്റ് അന്വേഷണം നം5/23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം)
1)	3/25.11.2022	പാറശ്ശാല ഗ്രാമപഞ്ചായത്തിലെ ശ്രീമതി. രേഷ്മ ആർ കുമാർ, തേരുമൽ വീട്, പാലൂർകോണം, കുറുങ്കൂട്ടി, പാറശ്ശാല എന്നയാൾ ടിയാന്റെ ഉടമസ്ഥതയിലുള്ള പാറശ്ശാല വില്ലേജിലെ സർവ്വെ നമ്പർ 526/2-5 ൽ പെട്ട സ്ഥലത്തിൽ നിന്നും 60 അടി നീളവും 5.70 അടി വീതിയും വരുന്ന സ്ഥലം നിലവിലെ മൂലച്ചക്കുഴി പഞ്ചായത്ത് റോഡിന്റെ വീതി കൂട്ടുന്നതിന് വേണ്ടി പഞ്ചായത്തിന് നൽകുന്നതിന് നിശ്ചിത ഫോമിൽ അപേക്ഷ നൽകിയിട്ടുള്ള കാര്യം യോഗം ചർച്ച ചെയ്തു. പ്രസ്തുത സ്ഥലം പഞ്ചായത്തിന്റെ റോഡ് വികസനത്തിന് വേണ്ടി പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനുള്ള	വില്ലേജ് രേഖകളിൽ മാറ്റം വരുത്തുന്നതിന് കത്ത് നൽകിയിട്ടുണ്ട്.

		തുടർനടപടികൾ സ്വീകരിക്കുന്നതിന് യോഗം തീരുമാനിച്ചു	
2)	5/25.10.2022	പാറശ്ശാല ഗ്രാമപഞ്ചായത്തിലെ പരശുവയ്ക്കൽ ഗവ. എൽ.പി.സ്കൂൾ കെട്ടിടത്തിന്റെ പഴകിയ മേൽകൂര പൊളിച്ച് മാറ്റിയപ്പോൾ ലഭിച്ചിട്ടുള്ള ഓടുകൾ അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡിയുടെ വാല്യുവേഷൻ പ്രകാരം ലേലം ചെയ്ത് നൽകുന്നതിന് യോഗം തീരുമാനിച്ചു.	ലേല നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
3).	2/ 06.10.2022	പാറശ്ശാല ഗ്രാമപഞ്ചായത്തിലെ പരശുവയ്ക്കൽ ഗവ. എൽ. പി. സ്കൂൾ കെട്ടിടത്തിന്റെ മേൽകൂര അലുമിനിയം ഷീറ്റ് ഉപയോഗിച്ച് മാറ്റി സ്ഥാപിച്ചപ്പോൾ ഇളക്കി മാറ്റിയ മേൽ കൂരയിലെ പഴയ ഓടുകൾ ലേലം ചെയ്ത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ യോഗം തീരുമാനിച്ചു.	
4)	3-1 /30.08.2022	പാറശ്ശാല ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന സമ്പൂർണ്ണ കുടിവെള്ള പദ്ധതിയായ ജലജീവൻ മിഷൻ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റിയും സഹായ ഏജൻസിയായ പാറശ്ശാല കുടുംബശ്രീ സി.ഡി.എസുമായി ത്രികക്ഷി കരാറിൽ ഏർപ്പെടുന്നതിന് യോഗം തീരുമാനിച്ചു.	ത്രികക്ഷി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്
5)	13 /30.08.2022	ബാങ്ക് ഓഫ് ബറോഡയുടെ ഉടമസ്ഥതയിൽ പാറശ്ശാല ഗ്രാമപഞ്ചായത്തിലെ പുത്തൻകടയിലുള്ള സ്ഥലത്ത് ശ്രീ. അരുൺരാജ്, പുതുവൽ പുത്തൻ വീട്, പുത്തൻകട, പാറശ്ശാല, പാറശ്ശാല പി ഒ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണം പൊളിച്ച് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാൻ യോഗം തീരുമാനിച്ചു.	നോട്ടീസ് നൽകിയിട്ടുണ്ട്.
6)	10/30.08.2022	വെള്ളക്കര കുടിശ്ശിക അടവാക്കുന്നത് സംബന്ധിച്ച് ഫയൽ നമ്പർ :- B/22-23	ജോയിന്റ് വെരിഫിക്കഷൻ നടത്തുന്നതിന്

		പാറശ്ശാല ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയ്ക്ക് അടവാക്കേണ്ട ദീർഘകാലത്തെ വെള്ളക്കര കുടിശ്ശിക 2417249/- രൂപ അടവാക്കുന്നതിന് നടപടി സ്വീകരിക്കാൻ കേരള വാട്ടർ അതോറിറ്റി നൽകിയ ഡിമാന്റ് നോട്ടീസ് യോഗം ചർച്ച ചെയ്തു. വാട്ടർ അതോറിറ്റിയും പഞ്ചായത്തുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമതയുള്ള പൊതു ടാപ്പുകളുടെ ലിസ്റ്റ് തയ്യാറാക്കി അരിയർ തുക നൽകുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ യോഗം തീരുമാനിച്ചു	കത്ത് നൽകിയിട്ടുണ്ട്.
7)	12/17.08.2022	പാറശ്ശാല ഗ്രാമപഞ്ചായത്തിൽ കോട്ടയ്ക്കകം വാർഡിൽ കീഴത്തോട്ടം - നഗർ 2.75 മീറ്റർ വീതിയും 35 മീറ്റർ നീളവുമുള്ള നടപ്പാത സർവ്വേ (273/3) പഞ്ചായത്തിന് വിട്ടു നൽകുവാൻ ശ്രീ. അജയകുമാർ കീഴത്തോട്ടം നൽകിയ അപേക്ഷ കമ്മിറ്റി ചർച്ച ചെയ്തു. ആയത് ആസ്തിയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു.	വില്ലേജ് രേഖകളിൽ മാറ്റം വരുത്തുന്നതിന് കത്ത് നൽകിയിട്ടുണ്ട്.
8)	1/14.02.2023	പാറശ്ശാല ഗ്രാമപഞ്ചായത്തിലെ പരശുവയ്ക്കൽ വാർഡിൽ സ്ഥിതി ചെയ്യുന്ന മാളികകുളത്തിന്റെ പടിഞ്ഞാറും കിഴക്ക് വശങ്ങളിലായി രണ്ട് തോടുകൾ ഉണ്ടെന്നും ടി തോടിന്റെ ഇരുവശങ്ങളിലായി തൊട്ടടുത്ത വസ്തു ഉടമകൾ കൃഷി ചെയ്ത് വരുന്നു എന്നും ആയത് പൊതുവഴിയ്ക്ക് തടസ്സമാകുന്നു എന്നും കാണിച്ച് ശ്രീ.കമലഹാസൻ മുതൽ പേർ പരാതി നൽകിയിരിക്കുന്നു. യോഗം ടി വിഷയം വിശദമായി ചർച്ച ചെയ്തു. മേൽ പറയുന്ന തോടുകളുടെ അതിരുകൾ അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിന് താലൂക്ക് സർവ്വേ ആഫീസറോട് യോഗം ഐകകണ്ഠേന അഭ്യർത്ഥിച്ച് തീരുമാനിച്ചു.	വസ്തു അളന്ന് തിട്ടപ്പെടുത്തി ലഭിക്കുന്നതിന് താലൂക്ക് സർവേയർക്ക് കത്ത് നൽകിയിട്ടുണ്ട്.

മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഭരണസമിതി തീരുമാനം നടപ്പിലാക്കി, നടപടിക്രമങ്ങൾ പൂർത്തീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-12 ആഡിറ്റോറിയങ്ങളുടെ കെട്ടിട നികുതി കുടിശ്ശിക

പഞ്ചായത്തിന്റെ അധികാരപരിധിയിൽ പ്രവർത്തിക്കുന്ന ആഡിറ്റോറിയങ്ങളുടെ കെട്ടിട നികുതി ഈടാക്കുന്നതിൽ കുടിശ്ശികയുള്ളതായി കണ്ടെത്തിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർത്തിരിക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	കുടിശ്ശിക കാലയളവ്
1	3/442/A	2021 -22 മുതൽ 2022 – 23 വരെ
2	14/561	2020-21 മുതൽ 2022 – 23 വരെ
3	14/689	2022 -23
4	14/943	2016-17 മുതൽ 2022-23 വരെ
5	14/1300	2022 -23

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകപയറിക്ക് (35/2023 തീ.24.08.2023) മറുപടി ലഭ്യമാക്കിയില്ല. കെട്ടിട നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 മൊബൈൽ ടവറുകളുടെ കെട്ടിട നികുതി കുടിശ്ശിക.

പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ കെട്ടിട നികുതിയിനത്തിൽ ചുവടെ ചേർക്കും പ്രകാരം കുടിശ്ശികയുണ്ട്.

കെട്ടിട നമ്പർ	കുടിശ്ശിക കാലയളവ്	കുടിശ്ശിക തുക (ലൈബ്രറി സെസ് ഉൾപ്പെടെ)
14/1363	2017-18 രണ്ടാം അർദ്ധ വർഷം	2451/-
	2018 -19 ഒന്നാം അർദ്ധ വർഷം മുതൽ 2022-23രണ്ടാം അർദ്ധ വർഷം	13545/- നിരക്കിൽ (13545* 10)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകപയറിക്ക് (നം.33/2023 തീ. 24.08.2023) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 ഷോപ്പിംഗ് കോംപ്ലക്സിലെ 2022-23-ലെ കടമുറികളുടെ വാടക കുടിശ്ശിക.

ഓഡിറ്റിന് ലഭ്യമാക്കിയ 2022-23 ലെ വാടകരജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോപ്ലക്സിലെ കടമുറികളുടെ വാടകയിനത്തിൽ കുടിശ്ശിക ഉള്ളതായി കാണുന്നു. വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	മുറി വാടകയ്ക്ക് എടുത്ത വ്യക്തി	മാസ വാടക	കുടിശ്ശിക വരുത്തിയ മാസം	ആകെ
2	SHR-10	രഘുവരൻ	2173/-	12	26076/-
3	SHR-11	സെക്രട്ടറി, പിന്നോക്ക വികസന സഹകരണ സംഘം	1906/-	12	22872/-
4	MSR-13	സുമ. എസ്.ആർ	300/-	12	3600/-
5	MSR-25	വിജയകുമാർ	300/-	12	3600/-
6	MSR-26	വിജയകുമാർ	300/-	12	3600/-
7	MSR-27	വിജയകുമാർ	300/-	12	3600/-
8	MSR-34	അനൂപ്	300/-	12	3600/-
9	MSR-35	അനൂപ്	300/-	12	3600/-
10	MSR-36	ഷിബു	300/-	12	3600/-
11	MSR-37	ബിനു	300/-	12	3600/-

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകെയറിക്ക് (28/2023 തീ. 24.08.2023) വാടക കുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് തുക അടയ്ക്കുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുണ്ടെന്നും കുടിശ്ശിക തുക അടവാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം അറുപതു ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ, ഏർപ്പട്ടിരിക്കുന്നതോ, പൊതുവോ, സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണ്. എന്നാൽ, 2022-23 വർഷത്തിൽ പഞ്ചായത്തിന്റെ അധികാരപരിധിയിൽ വരുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകെയറിക്ക് (നം. 30/2023 തീ.24.08.2023) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദവിവരം ചുവടെ,

ക്രമ നമ്പർ	സ്ഥാപനം	കുടിശ്ശിക കാലയളവ് (അർദ്ധവർഷം)
1	ബി.എസ്.എൻ.എൽ.ഓഫീസ്	1 & 2
2	ബി.എഫ്.എം. സ്കൂൾ	1 & 2
3	ക്രഡിറ്റ് അക്സസ് ഗ്രാമീൺ ലിമിറ്റഡ്	1
4	ഇൻഡ്യൻ ബാങ്ക്	2
5	കെ.എൽ.എം.ആക്ഷിവ ഫിൻവെസ്റ്റ് ലി.	1

6	മധുര മൈക്രോ ഫിനാൻസ്	2
7	എം.ജി.എൻ.ആർ.ജി.എസ്, പാറശ്ശാല ഗ്രാ. പ	2
8	സതേൺ റയിൽവേ എംപ്ലോയീസ്	1
9	ജി.വി.കെ. അസോസിയേറ്റ്സ്	2
10	എച്ച്.ഡി.എഫ്.സി.ബാങ്ക്	1
11	സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ	2
12	ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, പരശുവയ്ക്കൽ	1 & 2
13	പോപ്പുലർ ഫിനാൻസ്	1 & 2
14	സുന്ദരം ഫിനാൻസ്	1 & 2
15	കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്	1
16	തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്	2
17	വെറ്ററിനറി പോളിക്ലിനിക്	2
18	VENRA അസോസിയേറ്റ്സ്	1 & 2
19	ജെ.കെ. എജൻസീസ്	1 & 2

1-16 അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/2011/ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/2009/ത.സ്വ.ഭ.വ, തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. 20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാനുവൽ സർക്കാർ അംഗീകരിക്കുകയുണ്ടായി.അതിൻ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിട്ടുണ്ടങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം, തുടർന്ന് ആനുവൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിൽ അതിന്റെ വിശദവിവരം, ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നതിന്റെ വിവരം, മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് 2022-23 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു എന്ന് വിശദമാക്കുന്നതിനും കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനം സംബന്ധിച്ച മാനുവലിലെ അഞ്ചാം അധ്യായത്തിൽ ഉപയോഗശൂന്യമായ ആസ്തികൾ സമയബന്ധിതമായി കൈയൊഴിയുന്നതിനും ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ,വാർഷിക റിവ്യൂ എന്നിവ നടത്തിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും, അസറ്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കുന്നതിനുമായി 22.8.2023 തീയതിയിൽ ഓഡിറ്റ് എൻകയറി നം.-20 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതും സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-17 റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയതിന്റെ തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ 238/22-23- R Track-Road Connectivity എന്ന പ്രവർത്തിയിൽ 38250/- രൂപ ചെലവായിട്ടുണ്ട്. പ്രോജക്റ്റിന്റെ കരാറിൽ റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ ഹാർഡ്കോപ്പി ഹാജരാക്കുന്നതാണെന്ന് കരാറിൽ

രേഖപ്പെടുത്തിയിട്ടുണ്ട്.ആയത് ഫയലിൽ ലഭ്യമല്ലാത്തതിനാൽ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻകൗയറി നൽകിയിരുന്നു (ഓഡിറ്റ് എൻകൗയറി നം.- 19, തീയതി : 22.8.2023). ആയതിന് ലഭ്യമാക്കിയ മറുപടിയിൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ തലത്തിൽ പരിശോധന 25% പൂർത്തിയാകേണ്ടതുണ്ടെന്നും തുടർന്ന് ഭരണസമിതി അംഗീകരിച്ചതിനു ശേഷമേ ഹാർഡ്കോപ്പി ലഭ്യമാകുകയുള്ളു എന്ന് അറിയിച്ചിട്ടുണ്ട്. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയതിന്റെ തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-18 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല -91761/ രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ – 154/23
പ്രോജക്ട് പേര് –കുഴൽ കിണർ നിർമ്മാണം
ഫണ്ട്, അടങ്കൽ – സി.എഫ്.സി. 2 ലക്ഷം
ചെലവ് –91761.
ബിൽ നമ്പർ -000001565/25.3.23
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
പാറശ്ശാല ഗ്രാമപഞ്ചായത്തിലെ 185 നമ്പർ അംഗൻവാടിയിൽ കുഴൽ കിണർ നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം ഈ അംഗനവാടിയിൽ കുഴൽ കിണർ നിർമ്മിക്കുന്നതിനായി 91761/ രൂപ ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് 25.03.2023 ൽ കൈമാറിയിട്ടുണ്ട്. എന്നാൽ കുഴൽകിണർ നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല. എത്രയും വേഗം കുഴൽകിണർ നിർമ്മാണം പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രൗണ്ട് വാട്ടർ വകുപ്പിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻകൗയറി നമ്പർ 15/22.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-19 പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത വയോജന ക്ലബ് ഓഫീസിനായി സാധനങ്ങൾ വാങ്ങി സൂക്ഷിച്ചിരിക്കുന്നു

പ്രോജക്ട് നം : 149/23 വയോജനക്ലബ്

നിർവഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

23 വാർഡുകളിലും വയോജന ക്ലബ് രൂപീകരിച്ച് വയോജന ഓഫീസ് പ്രവർത്തനം ആരംഭീക്കുക, പ്രസ്തുത ഓഫീസ് മുഖാന്തിരം വയോജനങ്ങൾക്ക് മാനസിക ഉല്ലാസത്തിനായി റ്റി,വി , ദിനപത്രം, മാസികകൾ മുതലായവ ഓഫീസിൽ ക്രമീകരിക്കുക എന്നിവയാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. ആയതിനായി വികസന ഫണ്ടിൽ നിന്നും 157550/- രൂപ വകയിരുത്തിയിരുന്നു. വയോജന ക്ലബുകൾ വാർഡ് തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വയോജന ഓഫീസ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കൊടവിളാകം വാർഡിൽ ബഡ്സ് സ്കൂളിനടുത്തായി സ്ഥിതിചെയ്യുന്ന കെട്ടിടത്തിൽ വയോജന ഓഫീസ് പ്രവർത്തിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് . ആയതിലേക്കായി ആർട്ട്കോയിൽ നിന്നും 98828/- രൂപയ്ക്ക് ചുവടെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. BRN 22020552090701577832 തീയതി 31/03/2023പ്രകാരം ബിൽ ട്രഷറിയിൽ നൽകിയെങ്കിലും വികസനഫണ്ടിൽ തുക അവശേഷിക്കാത്തതിനാൽ തുക തൻവർഷം ചെലവായിട്ടില്ല. ആർട്ട്കോയിൽ നിന്നും 2022-23 സാമ്പത്തിക വർഷം തന്നെ സാധനങ്ങൾ ലഭ്യമായിട്ടുണ്ട്.

ക്രമനമ്പർ	ഐറ്റം	എണ്ണം
1	LED സാംസങ് ടി.വി (55 Inch)	1
2	കാരംബോർഡ്	1
3	ചെസ്ബോർഡ്	1

4	സ്റ്റീൽഗ്ലാസ്	10
5	പ്ലാസ്റ്റിക് മഗ്	2
6	പ്ലാസ്റ്റിക് ബക്കറ്റ്	2
7	ആംലെസ് ചെയർ	10
8	സ്റ്റീൽ ടേബിൾ	1
9	സ്റ്റീൽ കാബിനറ്റ്	1
10	വാട്ടർ പ്യൂരിഫയർ	1

21/08/2023 ൽ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത സാധനങ്ങൾ ഉപയോഗിക്കാതെ തൊട്ടടുത്ത അംഗൻവാടിയിലും വയോജനഓഫീസിനായി തെരഞ്ഞെടുത്ത കെട്ടിടത്തിലുമായി സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. വയോജന ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ ഒന്നും സ്വീകരിക്കാതെ ഇത്തരത്തിൽ സാധനങ്ങൾ മാത്രം വാങ്ങി സൂക്ഷിച്ചിരിക്കുന്നന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം:12 തീയതി:21/08/2023) ലഭ്യമാക്കിയ മറുപടിയിൽ ദീർഘകാല അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതിയെന്ന തരത്തിലാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. അഞ്ചു വർഷത്തിനുള്ളിൽ പ്രസ്തുത പദ്ധതിയെ ഒരു പകൽ വീട് എന്ന നിലയിലേക്ക് ഉയർത്തുക എന്നതാണ് ലക്ഷ്യം, ആയതിന്റെ ആദ്യപടിയായിട്ടാണ് വയോജന ക്ലബുകൾ രൂപീകരിക്കുകയും ഓഫീസ് സംവിധാനം രൂപീകരിക്കുകയും ചെയ്തതിട്ടുള്ളത് എന്നാണ് മറുപടി ലഭ്യമാക്കിയത്. വയോജന ഓഫീസ് പ്രവർത്തിക്കുന്നതിനായി തുടർ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. വയോജനങ്ങളുടെ മാനസിക ഉല്ലാസം ലക്ഷ്യമാക്കി വാങ്ങിയ സാധനങ്ങൾ ഇത്തരത്തിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നത് ശരിയായ നടപടിയല്ല. വയോജനങ്ങൾക്ക് ഉപയോഗ പ്രദമായ രീതിയിൽ ആവശ്യമായ സംവിധാനങ്ങൾ ഒരുക്കി പ്രസ്തുത സാധനങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-20 ജാഗ്രത സമിതി ഓഫീസ് പ്രവർത്തനക്ഷമമാക്കിയിട്ടില്ല

പ്രോജക്ട് നം : 131/23 ജ്വാല

നിർവഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ
അടങ്കൽ – 248423(പൊ.സാ.വി)
ചെലവ് – 234073

ജ്വാല പദ്ധതി മുഖേന ജാഗ്രത സമിതിയുടെ ഓഫീസ് പ്രവർത്തനത്തിനായി 39973/- രൂപയുടെ സാധനങ്ങൾ (അലമാര,മേശ,കസേര) വാങ്ങി നൽകിയിട്ടുണ്ട്. പ്രസ്തുത ഓഫീസിലേക്കായി ഒരു കമ്യൂണിറ്റി വിമൺ ഫെസിലിറ്റേറ്ററെ നിയമിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ഓഫീസ് പ്രവർത്തനസജ്ജമായിട്ടില്ല. ഫെസിലിറ്റേറ്റർ വർക്ക് ചെയ്യുന്നതായാണ് റിപ്പോർട്ട് ലഭ്യമാക്കിയിരിക്കുന്നത്. ആയതിന് ഓണറേറിയവും നൽകുന്നുണ്ട്. 21/08/2023 ൽ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ വാങ്ങിയ സാധനങ്ങൾ ഉപയോഗിക്കാതെ പ്രസ്തുത കെട്ടിടത്തിന്റെ താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന അംഗൻവാടിയിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. ജാഗ്രതാ സമിതി പ്രവർത്തിക്കുന്നതിനായി സെലക്ട് ചെയ്തിക്കുന്ന റൂമിന് കറണ്ട് കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. റൂം പൊടി പിടിച്ച് ഉപയോഗശൂന്യമായി കാണപ്പെട്ടു. നാളിതു വരെ ജാഗ്രതാ സമിതി ഓഫീസ് പ്രവർത്തനസജ്ജമാക്കിയിട്ടില്ല. താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന അംഗൻവാടിയിൽ

വച്ചാണ് നിലവിൽ ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻകപയറിക്ക് (നം:12 തീയതി:21/08/2023) മറുപടി നൽകിയത്. ഓഫീസ് പ്രവർത്തിക്കുന്നതിന് കെട്ടിടം സജ്ജമാക്കിയിട്ടും ആവശ്യമായ തുടർ പ്രവർത്തനങ്ങൾ ചെയ്യാതിരിക്കുന്നത് ഉചിതമായ നടപടിയല്ല. പഞ്ചായത്ത് പരിധിയിലുൾപ്പെടുന്ന സ്ത്രീകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിമൺ ഫെസിലിറ്റേറ്ററിന് പ്രവർത്തിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടത് അത്യാവശ്യമായ നടപടിയായി കാണേണ്ടതാണ്. ജാഗ്രത സമിതി ഓഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ (വൈദ്യുതി, വെളളം തുടങ്ങിയവ) ഒരുക്കി ഓഫീസ് പ്രവർത്തന സജ്ജമാക്കേണ്ടതാണ്.

1-21 വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാതെ നോമിനൽ രജിസ്റ്റർ- ഉത്തരവ് പാലിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പ്രോജക്ടിന്റെ പേര്- പാലിയേറ്റീവ് പരിചരണം

പ്രോജക്ട് നമ്പർ- 54/21-22

അടങ്കൽ - 1000000(വികസന ഫണ്ട്)

ആകെ ചെലവ്- 780879

29.10.15ലെ സഉ(സാധാ) നമ്പർ 3217/2015/തസ്വഭവ ഉത്തരവിലെ 2-5(6) പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്നും തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്റ്റുകളിലും വരുത്തേണ്ടതാണെന്നും വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽനിന്നും തുക ചെലവഴിക്കാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പാറശ്ശാല ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ട രോഗികളുടെ പേര് വിവരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാതെയാണ് പ്രസ്തുത വർഷം ചെലവ് നടത്തിയിട്ടുള്ളത്. ഈ കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

1-22 ആരോഗ്യഗ്രാമം- ജിംനേഷ്യത്തിലെ ചെലവുകൾ സംബന്ധിച്ച അപാകതകൾ

(എ) പ്രവർത്തനമില്ലാത്ത ഹെൽത്ത് ക്ലബിന് കെയർടേക്കറെ നിയമിച്ച് വേതനം നൽകുന്നു. പാറശ്ശാല ഗ്രാമപഞ്ചായത്ത് കൊടവിളാകം വാർഡിലെ ആരോഗ്യഗ്രാമം ഹെൽത്ത് ക്ലബിന്റെ കെയർ ടേക്കറായി ജോലിചെയ്യുന്ന ശ്രീ രാജാറാം എന്ന വ്യക്തിക്ക് ദിവസവേതനമായി 8,910/-രൂപ (വൗച്ചർ നം 22201412/06.03.2023 Rs 3,19,965/- പ്രകാരം) നൽകിയിട്ടുണ്ട്. (2022-23 വർഷം ആകെ നൽകിയ തുക 1,06,920/-രൂപ).

നിർമാണം പൂർത്തീകരിച്ച ആരോഗ്യ ഗ്രാമത്തിൽ ഉള്ള ഹെൽത്ത് ക്ലബ് പ്രവർത്തിപ്പിക്കുന്നതിനും ആരോഗ്യഗ്രാമത്തിലെ ലൈറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനും താത്കാലികമായാണ് ഹെൽത്ത് കം ലൈറ്റ് ഓപ്പറേറ്റർ ആയി ശ്രീ എസ്. രാജാറാം , പാറശ്ശാല എന്ന വ്യക്തിയെ 30.10.2020ലെ 2/2 -ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം നിയമിച്ചിരിക്കുന്നത്. ഏത് കാലയളവുവരെയാണ് കെയർടേക്കറെ നിയമിച്ചിരിക്കുന്നതെന്ന് തീരുമാനത്തിൽ വ്യക്തമാക്കിയിട്ടില്ല. നിയമനം സംബന്ധിച്ച കരാറുകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് ടീം ആരോഗ്യഗ്രാമത്തിൽ നേരിട്ട് നടത്തിയ പരിശോധനയിൽ (21.08.23 ൽ) ഹെൽത്ത് ക്ലബ് പ്രവർത്തനമില്ലാതെ അടച്ചിട്ടിരിക്കുന്നതായി കാണപ്പെട്ടു.

പ്രവർത്തിക്കാത്ത ഹെൽത്ത് ക്ലബിന്റെ പരിപാലനത്തിനായി തുക ചെലവഴിക്കുന്നതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം7 / 21.08.2023) ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്. "ഗ്രാമപഞ്ചായത്തിന്റെ ആസ്തി സംരക്ഷണത്തിനും ഹെൽത്ത് ഓപ്പറേറ്ററായും ലൈറ്റ് ഓപ്പറേറ്ററായും ഒരു വ്യക്തിയുടെ സേവനം ആവശ്യമാണെന്നും ആയതിനാലാണ് കെയർടേക്കറെ പഞ്ചായത്ത് കമ്മിറ്റി നിയമിച്ചിരിക്കുന്നത്".

അടിയന്തര ഘട്ടങ്ങളിൽ മാത്രമാണ് ദിവസവേതന, കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാവുന്നത്. സർക്കാർ അനുമതിയോടുകൂടിയുള്ള പ്രസ്തുത നിയമനങ്ങളിൽ ജീവനക്കാരെ 90 ദിവസത്തെ ഇടവേളയിൽ മാറ്റി നിയമിക്കേണ്ടതാണ്.

നിയമനം സംബന്ധിച്ച നടപടിക്രമങ്ങൾ പാലിക്കാത്തതിനാലും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത സ്ഥാപനത്തിന്റെ പരിപാലനത്തിനായി നിയമനം നടത്തി ടിയാൾക്ക് പഞ്ചായത്ത് ഫണ്ടിൽനിന്നും വേതനം നൽകി വരുന്നതും പുനഃപരിശോധിക്കേണ്ടതാണ്. തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(ബി) ആരോഗ്യ ഗ്രാമം- പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത ജിംനേഷ്യത്തിലെ ഉപകരണം സർവീസ് ചെയ്യുന്നതിന് തുക ചെലവഴിച്ചു- 3,500/- രൂപ തടസ്സപ്പെടുത്തുന്നു.

ആരോഗ്യഗ്രാമം ഹെൽത്ത് ക്ലബ് സർവീസ് ചെയ്തയിനത്തിൽ (ജിം മെഷീൻ സർവീസ്) വൌച്ചർ നം 22200267/30.06.2022പ്രകാരം 3,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് ടീം ആരോഗ്യഗ്രാമത്തിൽ നേരിട്ട് നടത്തിയ പരിശോധനയിൽ ജിംനേഷ്യം പ്രവർത്തനമില്ലാതെ അടച്ചിട്ടിരിക്കുന്നതായി കാണപ്പെട്ടു. ജിംനേഷ്യം നിലവിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിനെ സാധൂകരിക്കുന്നത് സംബന്ധിച്ച രേഖകൾ (ഓഡിറ്റ് അന്വേഷണം നം7/21.08.2023), നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത സ്ഥാപനത്തിലെ ജിം മെഷീൻ സർവീസ് ചെയ്യുന്നതിനുള്ള അപേക്ഷ പഞ്ചായത്ത് ഓഫീസിൽ ലഭ്യമായതിന്റെ രേഖകൾ (Inward നം, തീയതി സഹിതം) , അറ്റകുറ്റപ്പണി നടത്തിയ മെഷീൻ പ്രവർത്തനക്ഷമമാക്കിയത് സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും (നം 11 /22.08.2023) നൽകിയ മറുപടിയോടൊപ്പം പ്രസ്തുത രേഖകൾ ലഭ്യമാക്കിരുന്നില്ല.

ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്.

" ആരോഗ്യ ഗ്രാമം ഹെൽത്ത് ക്ലബ് പ്രവർത്തനക്ഷമമാക്കി പൊതുജനങ്ങൾക്കായി സമർപ്പിക്കുന്നതിന്റെ ഭാഗമായി ഹെൽത്ത് ക്ലബ് ഇൻസ്ട്രക്ടർ ടി സ്ഥാപനം സന്ദർശിക്കുകയും പ്രവർത്തിപ്പിക്കാതിരുന്ന മെഷീനുകൾ സർവീസ് ചെയ്യുന്നതിന് നിർദ്ദേശിക്കുകയും ആയതിനാലാണ് വിവിധ ഉപകരണങ്ങൾ സർവീസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചതെന്നും പഞ്ചായത്ത് ആസ്തി സംരക്ഷിക്കുന്നതിന് വേണ്ടിയാണ് പ്രസ്തുത പ്രവർത്തി എന്നത് ബോധിപ്പിക്കുന്നു. "

വൌച്ചർ പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത് 06/2022 ലാണ്. ഓഡിറ്റ് സമയത്തും ജിംനേഷ്യം പ്രവർത്തനം ആരംഭിച്ചിട്ടില്ല. കൂടാതെ മറുപടിയെ സാധൂകരിക്കുന്ന രേഖകളും ലഭ്യമാക്കിയിട്ടില്ല. നാളിതുവരെ തുറന്നു പ്രവർത്തിച്ചിട്ടില്ലാത്ത ജിംനേഷ്യത്തിലെ ചെലവുകൾക്ക് ആവശ്യകത ബോധ്യപ്പെടാതെ, മതിയായ രേഖകളുടെ അഭാവത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക അനുവദിച്ചതിനാൽ 3,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-23 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ നിയമനങ്ങൾ നടത്തുന്നു.

ഗ്രാമപഞ്ചായത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ താൽക്കാലിക /ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തി തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതായി കാണുന്നു. സർക്കാർ ഉത്തരവ് (അച്ചടി) നം.81/2019 ധന 09.07.2019 പ്രകാരം സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിലുള്ള നിയമനം നടത്തേണ്ട സാഹചര്യം വരികയാണെങ്കിൽ

സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. സർക്കാർ അംഗീകൃത തസ്തികകളിൽ അടിയന്തിര ഘട്ടങ്ങളിൽ പരമാവധി 90 ദിവസംവരെയുള്ള ദിവസ വേതന നിയമനം വകുപ്പ് മേധാവിക്ക് നടത്താവുന്നതാണ്. ഈ കാലാവധിക്ക് പുറത്ത് ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് സർക്കാർ അംഗീകൃത തസ്തികകളാണെങ്കിലും സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

സർക്കാർ നിയന്ത്രണത്തിലുള്ള പൊതുസ്ഥാപനങ്ങളിൽ, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ വരാത്ത ഒഴിവുകളിലേക്ക് 1959 ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) ആക്റ്റിന് വിധേയമായി മാത്രമെ നിയമനം നടത്താവൂ എന്ന നിയമവും ഇക്കാര്യത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

പഞ്ചായത്തിലെ അംഗീകൃത തസ്തികകളുടെ വിവരം, ഈ അംഗീകൃത തസ്തികകളുടെ എണ്ണം, ഈ അംഗീകൃത തസ്തികകളിൽ ഒഴിവുണ്ടായിരുന്നവയുടെ എണ്ണം, പഞ്ചായത്ത് ഓഫീസ്, എൽ.എസ്.ജി.ഡി ഓഫീസ് എന്നിവിടങ്ങളിൽ ജീവനക്കാരെ നിയമിക്കുന്നതിന് വകുപ്പ് മേധാവിയുടെയോ സർക്കാരിന്റെയോ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങൾ, പഞ്ചായത്തിൽ കരാർ/ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്നവരുടെ ആകെ എണ്ണം, പേരുവിവരം ,ജോലി ചെയ്യുന്ന തസ്തിക എന്നീ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (**നം24/23.08.2023)** നൽകിയെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയില്ല.

ഓഡിറ്റ് പരാമർശം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരിഗണനയ്ക്ക് നൽകി തുടർനടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും തുടർനടപടികൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

1-24 വാഹന പരിപാലനം - അപാകതകൾ

ഔദ്യോഗിക വാഹനങ്ങളുടെ ഉപയോഗം, മെയിന്റനൻസ്, അറ്റകുറ്റപ്പണികൾ എന്നിവയുമായി ബന്ധപ്പെട്ട് പരിപാലിക്കേണ്ട രേഖകൾ, രജിസ്റ്ററുകൾ എന്നിവ സംബന്ധിച്ച വിശദമായ മാർഗ്ഗ രേഖ സ.ഉ.പി.നം 803/70 Fin.,തീയ്യതി13.11.1970, സ.ഉ. (പി) നം 161/2006ഫിൻ. തീയ്യതി 31.03.2006 എന്നീ ഉത്തരവുകളിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗ രേഖയനുസരിച്ച്, ഔദ്യോഗിക വാഹനങ്ങൾക്ക് ലോഗ്ബുക്കിനു പുറമേ താഴെ പറയുന്ന രജിസ്റ്ററുകളുടെ രേഖകളും പരിപാലിക്കേണ്ടതുണ്ട്.

(1) വെഹിക്കിൾ ഹിസ്റ്ററി ബുക്ക് (സ.ഉ. (പി) നമ്പർ 161/2006/Fin. Dated,31.03.2006 പ്രകാരം സർക്കാർ വാഹനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുവാനാണ് വെഹിക്കിൾ ഹിസ്റ്ററി ബുക്ക് പരിപാലിക്കേണ്ടത്. വാഹനങ്ങളുടെ സംരക്ഷണം, റിപ്പയർ മുതലായ വിവരങ്ങൾ രേഖപ്പെടുത്താനുള്ള ഫോറങ്ങളുടെ മാതൃകയും നിശ്ചയിച്ചു)

(2) ഇന്ധന ഓർഡർ ബുക്ക് (പെട്രോൾ, ഡീസൽ, ഗ്യാസ് ഓയിൽ),

(3) റിപ്പയർ രജിസ്റ്റർ

(4) സ്റ്റോക്ക് രജിസ്റ്റർ

(5) ഇന്ധനത്തിന്റേയും എണ്ണയുടേയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ

(6) ഓരോ അർദ്ധ വർഷത്തിന്റേയും ആരംഭത്തിൽ ധനകാര്യ കമ്മിറ്റിക്ക് സമർപ്പിച്ച മുൻ അർധവർഷത്തെ ചെലവിന്റേയും വരവിന്റേയും റിപ്പോർട്ട്. (വരവ് :- വാടകയിനത്തിൽ ലഭിച്ച തുക, ലഭിക്കുവാനുള്ള തുക, മറ്റിനങ്ങളിൽ ലഭിച്ച തുക) (ചെലവ്:- ഇന്ധനം, ടയർ, ട്യൂബ്, സ്പെയർ പാർട്സ്, ബാറ്ററി, സ്പെയർപാർട്സ് ഇല്ലാതെയുള്ള റിപ്പയർ, സർവീസിംഗ്, മറ്റിനങ്ങൾ മുതലായവ)

(7) ഇന്ധനക്ഷമതാ ടെസ്റ്റ് സാക്ഷ്യപത്രം

മേൽപരാമർശിച്ച രേഖകൾ / രജിസ്റ്ററുകൾ എന്നിവ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

ലോഗ് ബുക്ക് പരിപാലനം

പഞ്ചായത്തിലെ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി നാല് വാഹനങ്ങളാണ് ഉപയോഗിക്കുന്നത് (KL-19M-7859 Tata Winger Ambulance, KL 19M 9153 Tata Intra ഹരിതകർമസേന, KL 19A 6886 Bolero, KL 19G 6802-Office Vehicle).

മേൽ വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ധനകാര്യ വകുപ്പിന്റെ സർക്കുലർ നം.41/208/ധനം. തീയതി .02/08/2008 പ്രകാരം ഓഫീസ് വാഹനങ്ങളുടെ ഇന്ധന ക്ഷമത ടെസ്റ്റ് എല്ലാവർഷവും നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിച്ചിരിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിച്ചിട്ടില്ല.

. തൻമാസത്തെ യാത്രചെയ്ത ദൂരത്തെ സംബന്ധിച്ചും ഇന്ധന ഉപഭോഗം സംബന്ധിച്ചുമുള്ള സംക്ഷിപ്ത രൂപം മാസാവസാനം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. കൺട്രോളിംഗ് ഓഫീസർ ആയത് പരിശോധിച്ചിട്ടില്ല.

. ഡിപ്പാർട്ട്മെന്റ് , വാഹനത്തിന്റെ ഇനം, രജിസ്ട്രേഷൻ നമ്പർ തുടങ്ങിയ വിവരങ്ങൾ ലോഗ് ബുക്കിൽ യഥാസ്ഥാനത്ത് രേഖപ്പെടുത്തിയിട്ടില്ല.

. കൺട്രോളിംഗ് ഓഫീസറുടെ ഒപ്പ് ലോഗ്ബുക്കിൽ നിർദിഷ്ട ഭാഗത്ത് രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (**നം24/23.08.2023)** മറുപടി ലഭ്യമാക്കിയിട്ടില്ല.

വാഹന ഉപയോഗം, പരിപാലനം എന്നിവയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-25 പഞ്ചായത്തിലെ വാഹനങ്ങളുടെ വിവരങ്ങൾ VEELS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെവിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ , ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക,കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ"VEELS"-എന്നസൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

VEELS പോർട്ടലിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ , ഡ്രൈവർമാർ എന്നിവയുടെ വിവരം എന്റർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 6/ 21.08.2023) മറുപടി ലഭ്യമാക്കിയത്.

രജിസ്ട്രേഷൻ സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് .

1-26 കുളം നവീകരണ പ്രോജക്റ്റിൽ തെറ്റായ സ്പെസിഫിക്കേഷൻ നൽകി അധിക ചെലവുണ്ടായി- ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയ പ്രോജക്റ്റ് നം. 3/22-23- Malikakulam Renovation എന്ന പ്രവർത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റിന്റെ നം, പേര്	പ്രോജക്റ്റ് നം. 3/22-23- Malikakulam Renovation, ചെലവ്- 8,99,253/-

നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എൻജിനീയർ
കരാറുകാരൻ	വർദ്ധനൻ
എം ബുക്ക് നം	LSGD/CELSGD/EST/91252/2022
കാട്ട് ചെയ്ത തുക	7,62,259 , Cost Index 35.59%
ഫണ്ട്	CFC, 9,00,000

ടി പ്രവർത്തിയിൽ Mord Specification പ്രകാരമാണ് നിർവ്വഹിച്ചിട്ടുള്ളത്. ഇതിൽ 137.17 M^3 എസ്കവേഷൻ നടത്തിയതിന് ആകെ 1,04,903.5/- രൂപ (764.77/M^3 നിരക്കിൽ) നൽകിയിട്ടുണ്ട്. ടി പ്രവർത്തി Mord സ്പെസിഫിക്കേഷൻ (11.1.1.1) പ്രകാരമാണ് നിർവ്വഹിച്ചിട്ടുള്ളത്. ഇപ്രകാരം കുളത്തിന് സൈഡ് വാൾ കെട്ടുന്ന പ്രവർത്തിക്ക് DSR നിരക്ക് നൽകാമെന്നിരിക്കെ മോർഡ് പ്രകാരമുള്ള ഉയർന്ന നിരക്ക് നൽകാനുള്ള കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻകയറി നൽകിയിരുന്നു.(ഓഡിറ്റ് എൻകയറി നം.-19, തീയതി : 22.8.2023). ആയതിന് ലഭ്യമാക്കിയ മറുപടിയിൽ റോഡിനോട് ചേർന്ന വരുന്ന കുളത്തിന്റെ ഒരുവശം പൂർണമായും തകർന്ന നിലയിലായിരുന്നുവെന്നും, മണ്ണ് ഇടിഞ്ഞു കുളത്തിന്റെ ഒരു വശത്ത് കൂടി കിടന്നതിനാലും, കുളത്തിലെ വെള്ളം തുറന്നു വിടുന്നതിനായും റോഡിന് കുറുകെ മണ്ണ് മാറ്റേണ്ടതായിട്ടുണ്ടായിരുന്നു.റോഡുമായി ബന്ധപ്പെട്ടു വരുന്ന Drain, Culvert, Side Protection Wall അനുബന്ധ പ്രവർത്തികൾ എന്നിവക്ക് Mord Specification നൽകാം എന്ന് ചീഫ് എൻജിനീയറുടെ 26.3.2021 ലെ DB1/10690/CE/Lid & EW സർക്കുലർ നിർദേശമുണ്ടായിരുന്നുവെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ഇപ്രകാരം റോഡുമായി ബന്ധപ്പെട്ട പ്രവർത്തിയായതിനാൽ ടി പ്രവർത്തിക്ക് മോർഡ് സ്പെസിഫിക്കേഷൻ അനുവദനീയമാണ് എന്ന് മറുപടിയിൽ പ്രതിപാദിക്കുന്നു. എന്നാൽ ടി പ്രവർത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ റോഡ് ഗതാഗതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഒന്നും തന്നെ പ്രതിപാദിച്ചിട്ടില്ലാത്തതാകുന്നു.

ടി പ്രോജക്റ്റിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു

‘ The Aim Of This Project Is To Protect The Pond. Estimate Prepared For Constructing Side Wall Using Rubble, Concrete Belt Also Included ‘

23.8.2023 ൽ നടത്തിയ സ്ഥലപരിശോധനയിൽ ടി കുളം ഗതാഗത സൌകര്യമുള്ള റോഡിൽ നിന്നും അകലെയാണെന്നും പൊതു ഗതാഗതമില്ലാത്ത സ്ഥലത്താണ് ഇത് സ്ഥിതി ചെയ്യുന്നതെന്നും എൻജിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.ടി കുളത്തിനു സമീപം ഇരുചക്ര വാഹനമുൾപ്പെടെയുള്ള ഒരു വാഹനത്തിനും ചെന്നെത്താനുള്ള യാത്രാ സൌകര്യമില്ലെന്നും ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാകുന്നു.ആയതിനാൽ ടി പ്രവർത്തി ഗതാഗതവുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ ഈ മറുപടി അംഗീകരിക്കുവാൻ കഴിയുന്നതല്ല. അതിനാൽ തന്നെ ടി പ്രവർത്തിക്ക് റോഡ് അനുബന്ധ പ്രവർത്തികൾക്കുപയോഗിക്കുന്ന മോർഡ് സ്പെസിഫിക്കേഷൻ നൽകേണ്ടതില്ലെന്നും മറിച്ച് DSR സ്പെസിഫിക്കേഷൻ നൽകിയാൽ മതിയെന്നും ഓഡിറ്റ് വിലയിരുത്തുന്നു. അപ്രകാരം നൽകിയിരുന്നുവെങ്കിൽ Mord Specification പ്രകാരം ഉയർന്ന തുക അനുവദിക്കുന്നത് ഒഴിവാക്കാമായിരുന്നുവെന്ന് നിരക്ക് വ്യത്യസത്തിൽ നിന്നും മനസിലാകുന്നു.

ഉദാ;

എസ്റ്റിമേറ്റ് പ്രകാരം എസ്കവേഷൻ പ്രവർത്തിക്ക് അനുവദിച്ച നിരക്ക്- 137.17m^3 X Rs. 764.77/M^3 =1,04,903.5

DSR പ്രകാരം ഇതേ അളവ് എസ്കവേഷന് ചെലവു വരുന്നത് - 137.17m^3 X Rs. 277.61/M^3 = 38,079.76

അതുപോലെ DR Work ന് Mord Specification ൽ 5308.25/M^3 ഉം DSR പ്രകാരം 3263.77/M3 ആണ്.

ഇത്തരത്തിൽ എല്ലാ നിരക്കുകളിലും ഇത്തരത്തിൽ വലിയ വ്യത്യാസം ഉണ്ടാകുന്നു. ഇപ്രകാരം തെറ്റായ സ്പെസിഫിക്കേഷൻ നൽകിയതുമൂലം അധികമായി തുക കരാറുകാരന് നൽകേണ്ടി വന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

1-27 റൂഫിംഗ് പ്രവർത്തികൾ നിർവ്വഹിക്കുമ്പോൾ ശരിയായ സ്പെസിഫിക്കേഷൻ നൽകുി അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ 76/22-23, റിസോഴ്സ് റിക്കവറി സെന്റർ നിർമ്മാണം, 06/22-23, പ്രൈമറി ഹെൽത്തി സെന്റർ -അടിസ്ഥാന സൌകര്യ വികസനം എന്നീ പ്രോജക്റ്റുകളിൽ റൂഫ്ട് നിർമ്മാണത്തിലേക്കായി GI പൈപ്പുകൾ ഉപയോഗിച്ച് Post സ്ഥാപിക്കുന്ന പ്രവർത്തിക്ക് DAR 10.16.1 പ്രകാരമുള്ള നിരക്കാണ് (168.81/Kg) നൽകിയിരിക്കുന്നത്.

പ്രോജക്റ്റുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റിന്റെ നം, പേര്	76/22-23 , റിസോഴ്സ് റിക്കവറി സെന്റർ നിർമ്മാണം
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എൻജിനീയർ
കരാറുകാരൻ	വർദ്ധനൻ
എം ബുക്ക് നം	468/21-22
കാട്ട് ചെയ്ത തുക	11,44,026.27 , Cost Index 35.59%
ഫണ്ട്	കേന്ദ്രാവിഷ്കൃത ഫണ്ട് 3,49,556/-
ബിൽ നം	39/15.6.2022, 2,67,072/- 551/27.3.2023, 80,461/-

ടി പ്രവർത്തിയിൽ M Book Page No. 24 പ്രകാരം 565.92 Kg GI പൈപ്പുകൾ (50 Mm)Post നിർമ്മാണത്തിനായി ഉപയോഗിച്ചിട്ടുണ്ട്.

പ്രോജക്റ്റിന്റെ നം, പേര്	06/22-23, പ്രൈമറി ഹെൽത്തി സെന്റർ -അടിസ്ഥാന സൌകര്യ വികസനം
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എൻജിനീയർ
കരാറുകാരൻ	സിംല ഡേവിഡ്
എം ബുക്ക് നം	554/21-22
കാട്ട് ചെയ്ത തുക	274972 (/01 % Below) , Cost Index 35.59%
ഫണ്ട്	MF()NR) 2,75,000/-
ബിൽ നം	31/31.5.22, 2,00,000/- 31/31.5.22, 74,940/-

ടി പ്രവർത്തിയിൽ M Book Page No. 5 പ്രകാരം 84.64 Kg GI പൈപ്പുകൾ (75 Mm) Post നിർമ്മാണത്തിനായി ഉപയോഗിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ (A), (B) എന്നീ പ്രോജക്റ്റുകളിൽ ഉപയോഗിച്ചിട്ടുള്ള DAR 10.16.1 ഇനം Tie Beam, Rafter,Members.Welding By Electric Plant എന്നിവ ഉൾപ്പെടെയുള്ള (Steel Work In Built Up Tubular (Round, Square Or Rectangular Hollow Tubes Etc.)

Trusses Etc.) Built Up Section പ്രവൃത്തികൾക്ക് നൽകുന്ന നിരക്കാണ്.എസ്റ്റിമേഷൻ നടത്തി കോൺക്രീറ്റ് ഉപയോഗിച്ച് തറയിൽ ജി.ഐ പൈപ്പുകൾ സ്ഥാപിക്കുന്ന ജോലികൾക്ക് DAR 10.1 നിരക്ക് (101.29/Kg) നൽകിയാൽ മതിയാകുന്നതാണ് എന്നിരിക്കെ ഇത്തരത്തിൽ ഉയർന്ന നിരക്ക് നൽകാനുള്ള കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു (ഓഡിറ്റ് എൻക്വയറി നം.- 19, തീയതി : 22.8.2023).ആയതിന് ലഭ്യമാക്കിയ മറുപടിയിൽ GI പൈപ്പുകൾ തറയിൽ ഉറപ്പിച്ചതിനു ശേഷം അവ തമ്മിൽ Squire പൈപ്പുകൾ ഉപയോഗിച്ച് Weld ചെയ്താണ് ഉറപ്പിരിക്കുന്നത് ആയതിനാലാണ് DAR 10.16.1 Specification നൽകിയത് എന്നു പറയുന്നു. ജി.ഐ പൈപ്പുകൾ തറയിൽ സ്ഥാപിക്കുക, അതിനു മുകളിൽ റൂഫിംഗിനാവശ്യമായ Purlin, Rafter തുടങ്ങിയവ ഉപയോഗിച്ച് Structure നിർമ്മിക്കുക എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തികൾക്ക് പൊതുവായാണ് എസ്റ്റിമേറ്റിൽ DAR 10.16.1 എന്ന ഇനം നൽകിയിരിക്കുന്നത്.അതിനാൽ തന്നെ GI പൈപ്പുകൾ തറയിൽ

ഉറപ്പിച്ചതിനു ശേഷം അവ തമ്മിൽ Squire പൈപ്പുകൾ ഉപയോഗിച്ച് Weld ചെയ്യുന്ന പ്രവർത്തി വരുന്നതിനാൽ പ്രസ്തുത ഐറ്റം നൽകി എന്ന മറുപടി അംഗീകരിക്കുവാൻ കഴിയുന്നതല്ല. ഭാവിയിൽ ഇത്തരം പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ശരിയായ സ്പെസിഫിക്കേഷൻ നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-28 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങളിലെ ചട്ടം3 ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതുണ്ട് എന്ന് നിർദ്ദേശിക്കുന്നു.
ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി നാളിതു വരെ രൂപീകരിച്ചിട്ടില്ല. പ്രസിഡണ്ട് ചെയർമാനും സെക്രട്ടറി കൺവീനറും , വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അംഗവുമായി സബ് കമ്മിറ്റി രൂപീകരിച്ച് അക്കൗണ്ട് ആരംഭിച്ച് അർഹതപ്പെട്ടവർക്ക് ധനസഹായം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്. ദുരിതാശ്വാസ നിധി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ദുരിതാശ്വാസ നിധി ധനശേഖരണാർത്ഥം കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും,വ്യക്തികൾ,സംഘടനകൾ,സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്.ദുരിതാശ്വാസനിധി സമാഹരിച്ച് അർഹതപ്പെട്ടവർക്ക് ആവശ്യമായ സന്ദർഭങ്ങളിൽ ധനസഹായം നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-29 ചെലവുരേഖകളില്ല – 41,295/-രൂപ തടസ്സപ്പെടുത്തുന്നു.

(എ) പുറമ്പോക്ക് അളന്നുതിരിച്ചതിന്റെ രേഖകൾ ലഭ്യമായില്ല.

പഞ്ചായത്ത് പുറമ്പോക്ക് ഭൂമി അളന്നുതിരിക്കുന്നതിനുള്ള ഫീസിനത്തിൽ 2,295/- രൂപ ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ILGMS വൌച്ചർ നം , തീയതി	തുക	അപാകത
22200513/10.08.2022	1275	തുക ഒടുക്കിയതിന്റെ രേഖയില്ല. കൈപ്പറ്റ് രസീത് ഇല്ല. പുറമ്പോക്ക് അളന്നുതിരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.
22200570/08.08.2022	1020	തുക കൈപ്പറ്റിയ വ്യക്തിയുടെ ഒകൈപ്പറ്റ് രസീത് ഇല്ല. പുറമ്പോക്ക് അളന്നുതിരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.
	2,295	

തുക നൽകിയത് ട്രഷറി ചെലാൻ വഴിയാണെന്നും , റെമിറ്റൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്നും, പുറമ്പോക്ക് അളന്നുതിരിച്ചതിന്റെ രേഖകൾ താലൂക്ക് ഓഫീസിൽ നിന്നും ലഭ്യമായിട്ടില്ലായെന്നും ഓഡിറ്റ് അന്വേഷണത്തിന് (നം 21 / 24.08.2023) മറുപടി ലഭ്യമാക്കി.

(ബി) വൌച്ചറിനോടൊപ്പം അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

ചുവടെ ചേർത്തിരിക്കുന്ന വൌച്ചറുകൾ പ്രകാരം ചെലവായ തുകയുടെ അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻകൂയറി നം36/24.08.2023) .

വൌച്ചർ നം , തീയതി (ബിൽ രജിസ്റ്റർ പ്രകാരം)	ചെലവിനം	തുക	കുറിപ്പ്

4749,4750/ 12.04.2022	KSFE – റെമിറ്റൻസ്	24,000/-	KSFE ൽ തുക കൈപ്പറ്റിയതായുള്ള രസീത് ഇല്ല
220100302/ 18.05.22	ഹരിത കർമസേന പ്രവർത്തനങ്ങൾക്കായി വാങ്ങിയ വാഹനം രജിസ്റ്റർ ചെയ്യുന്നതിനുള്ള ടാക്സ് ആന്റ് അദർ എക്സ്പെൻസസ്	15,000/-	ചെലവുരേഖകളില്ല
ആകെ		39,000/-	

രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവു തുക 41,295/-രൂപ തടസ്സപ്പെടുത്തുന്നു.

1-30 കുടുബശ്രീ പരമ്പരാഗത തൊഴിൽ സംരംഭം- ആവശ്യമായ രേഖകളുടെ അഭാവത്തിൽ 1,60,000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ കുടുബശ്രീ പരമ്പരാഗത തൊഴിൽ സംരംഭം എന്ന പ്രോജക്റ്റിനെ സംബന്ധിക്കുന്ന വിവരങ്ങളും അപാകതകളും ചുവടെ പറയുന്നു.

പ്രോജക്റ്റ് നം. പേര്	299/22-23, കുടുബശ്രീ പരമ്പരാഗത തൊഴിൽ സംരംഭം
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
ഫണ്ട്	വികസന ഫണ്ട്(പൊതു വിഭാഗം)
അടങ്കൽ	2,00,000
ചെലവ്	1,60,000
ബിൽ നം	126/13.10.2022, 80,000 136/18/10.2022, 40,000 504/21.3.2022, 40,000

A. ടി പ്രോജക്റ്റിൽ പുലരി കൈത്തറി യൂണിറ്റിന് 40,000/- രൂപ നൽകിയിട്ടുണ്ട്.ഫയൽ പരിശോധിച്ചതിൽ 26.9.2022 ൽ ആണ് ടി യൂണിറ്റ് രൂപീകരിച്ചത്. ടി യൂണിറ്റ് അതേ ദിവസം കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്തതായി കാണുന്നു.(രജിസ്ട്രേഷൻ രസീത് നം. 1352/26.9.2022). 27.9.2022 ന് ടി യൂണിറ്റിന് തുക അനുവദിക്കണമെന്ന് കാണിച്ച് സെൻട്രൽ ബാങ്ക്, പാറശാല ശാഖയിൽ കുടുബശ്രീ മെമ്പർ സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്.കൂടാതെ 11.10.2022 ൽ പുലരി കൈത്തറി യൂണിറ്റിന് ധനസഹായം അനുവദിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിക്ക് പുലരി യൂണിറ്റ് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്.തുടർന്ന് 13.10.2022 ലെ ബിൽ പ്രകാരം 40,000/- രൂപ അനുവദിക്കുകയും ചെയ്തു.

B. തംബുരു വാഴനാർ യൂണിറ്റ് 24.9.2022 ൽ രൂപീകരിച്ചു.തുടർന്ന് 18.10.2022 ലെ ബിൽ പ്രകാരം സ്ഥാപനത്തിന് 40,000/- രൂപ അനുവദിച്ചിട്ടുണ്ട്.

അപാകതകൾ

1. ആനുകൂല്യം ലഭിച്ചിട്ടുള്ള മേൽ പറഞ്ഞ ഗ്രൂപ്പുകൾ ധനസഹായം ലഭിക്കുന്നതിന് ദിവസങ്ങൾക്ക് മുൻപായി ആരംഭിച്ച് രജിസ്ട്രേഷൻ നടത്തിയതായും, രജിസ്ട്രേഷൻ കഴിഞ്ഞ ഉടൻ തന്നെ സാമ്പത്തിക സഹായം ലഭിച്ചതായും കാണുന്നു. നിലവിൽ പ്രവർത്തനം നടന്നു വരുന്ന സ്ഥാപനങ്ങളെ പരിഗണിക്കാതെ ഇത്തരത്തിലുള്ള സ്ഥപനങ്ങൾക്ക് സഹായം അനുവദിക്കാനുള്ള കാരണം.

2. തംബുരു വാഴനാര് യൂണിറ്റ് കുടുംബശ്രീ യിൽ രജിസ്റ്റർ ചെയ്ത രേഖകൾ ലഭ്യമാക്കിയിട്ടില്ല

3. ടി പ്രോജക്റ്റിന്റെ ഗുണഭോക്തൃ പട്ടിക (ഭരണ സമിതി അംഗീകരിച്ചത്) ലഭ്യമാക്കിയിട്ടില്ല

4. ടി ഗ്രൂപ്പുകൾ നിലവിൽ പ്രവർത്തന ക്ഷമമാണോ എന്ന് പരിശോധന നടത്തിയിട്ടുണ്ടോ.ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുക.

മേൽ പറഞ്ഞ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി 24.8.2023 തീയതിയിൽ ഓഡിറ്റ് എൻകയറി നം.- 34 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ രണ്ടു യൂണിറ്റുകൾക്കും രൂപീകരിച്ച് ദീവസങ്ങൾക്കുള്ളിൽ തന്നെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്.അതിനാൽ തന്നെ പ്രസ്തുത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്തൃ പട്ടികയിൽ ടി രണ്ട് സ്ഥാപനങ്ങളേയും തിരഞ്ഞെടുത്തിട്ടുണ്ടോ എന്നുള്ള കാര്യം ഗുണഭോക്തൃ പട്ടികയുടെ അഭാവത്തിൽ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ലാത്തതാകുന്നു. ആയതിനാൽ ടി പ്രോജക്റ്റിൽ ചെലവായ 1,60,000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു. ഓഡിറ്റ് ഉന്നയച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

1-31 റോഡ് കോൺക്രീറ്റ് പ്രവർത്തികളിൽ ഫോംവർക്ക് ഉൾപ്പെടാതെ നിർവ്വഹിക്കുകയാണെങ്കിൽ ആയതിന്റെ നിരക്ക് ഒഴിവാക്കി കരാറുകാരന് തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ 324/22-23, മുണ്ടുതോട്ടം- പുല്ലുവിള നടപ്പാത കോൺക്രീറ്റ്, പ്രോജക്റ്റ് നം.184/22-23, കുണ്ടുവിള വടശേരിവിള നടപ്പാത കോൺക്രീറ്റ് എന്നീ പ്രോജക്റ്റുകളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റിന്റെ നം, പേര്	പ്രോജക്റ്റ് നം 324/22-23, മുണ്ടുതോട്ടം- പുല്ലുവിള നടപപാത കോൺക്രീറ്റ്
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എൻജിനീയർ
കരാറുകാരൻ	രവീന്ദ്രൻ
എം ബുക്ക് നം	ഇ എം ബുക്ക്
കാട്ട് ചെയ്ത തുക	3,38,776, Cost Index 35.59%
ഫണ്ട്	CFC
ബിൽ നം	548/27.3.2023, 3,88,821/-

റോഡ് കോൺക്രീറ്റ് പ്രവർത്തിയാണ് ടി പ്രോജക്റ്റിൽ നിർവ്വഹിച്ചിരിക്കുന്നത്.ടി പ്രവർത്തിയിൽ റോഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളതിൽ ഒരു വശം മതിൽ, മറു വശം സൈഡ് വാൾ എന്നിവ ഉള്ളതിനാൽ ആയതിനോട് ചേർത്ത് ഫോം വർക്ക് ഉൾപ്പെടുത്താതെ (ഇരു വശവും) കോൺക്രീറ്റ് ചെയ്തതായി കാണുന്നു. ആയത് 23.8.2023 ൽ നടത്തിയ സ്ഥലപരിശോധനാ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതാകുന്നു. എസ്റ്റിമേറ്റ് ഐറ്റം 3 പ്രകാരം (Spec 75.8.1) 30.6 M^3 അളവിൽ കോൺക്രീറ്റ് റോഡ് 8306.23/M^3 രൂപ നിരക്കിൽ ചെയ്തതിന് ആകെ 2,54,170.64/- രൂപ അനുവദിച്ചിട്ടുണ്ട്.

പ്രോജക്റ്റ് നം.184/22-23, കുണ്ടുവിള വടശേരിവിള നടപ്പാത കോൺക്രീറ്റ്

പ്രോജക്റ്റിന്റെ നം, പേര്	പ്രോജക്റ്റ് നം.184/22-23, കുണ്ടുവിള വടശേരിവിള നടപ്പാത കോൺക്രീറ്റ്

നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എൻജിനീയർ
കരാറുകാരൻ	സിംല ഡേവിഡ്
എം ബുക്ക് നം	ഇ എം ബുക്ക്
കപാട്ട് ചെയ്ത തുക	2,54,150, Cost Index 35.59%
ഫണ്ട്	CFC
ബിൽ നം	302/20.1.2023, 2,99,875/-

റോഡ് കോൺക്രീറ്റ് പ്രവർത്തിയാണ് ടി പ്രോജക്റ്റിൽ നിർവ്വഹിച്ചിരിക്കുന്നത്.ടി പ്രവർത്തിയിൽ റോഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളതിൽ ഒരു വശം മതിൽ ഉള്ളതിനാൽ ടി വശത്ത് ഫോം വർക്ക് ഉൾപ്പെടുത്താതെ കോൺക്രീറ്റ് പ്രവർത്തി നടത്തിയതായി കാണുന്നു. ആയത് 23.8.2023 ൽ നടത്തിയ സ്ഥലപരിശോധനാ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതാകുന്നു. എസ്റ്റിമേറ്റ് ഐറ്റം 2 പ്രകാരം (Spec 75.8.1) 29.748 M^3 അളവിൽ കോൺക്രീറ്റ് റോഡ് 8306.23/M^3 രൂപ നിരക്കിൽ ചെയ്തതിന് ആകെ 2,47,093.73/- രൂപ അനുവദിച്ചിട്ടുണ്ട്.

<u>അപാകത</u>

ടി പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിന് നൽകിയ നിരക്കിൽ (Spec 75.8.1) ഫോം വർക്ക് ഉൾപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ ഫോംവർക്ക് ഉൾപ്പെടുത്താതെ പ്രവർത്തി നിർവ്വഹിച്ച അളവ് കുറവ് ചെയ്യാതെ തുക അനുവദീക്കാനുള്ള കാരണം കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻകയറി നല്കിയിരുന്നു (ഓഡിറ്റ് എൻകയറി നം.-19, തീയതി : 22.8.2023). ആയതിന് ലഭ്യമാക്കിയ മറുപടിയിൽ, മതിൽ വരുന്ന ഭാഗത്ത് കോൺക്രീറ്റിന്റെ കനം ഉറപ്പാക്കുന്നതിനായി ഫോം വർക്ക് ഉപയോഗിച്ചരുന്നുവെന്നും, അതിനു ശേഷം ആയത് മാറ്റി മതിൽ ചേർത്ത് കോൺക്രീറ്റ് ചെയ്തുവെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. റോഡിന്റെ നിശ്ചിത കനം ഉറപ്പിക്കുന്നതിനായി ഫോംവർക്ക് ചെയ്യുമ്പോൾ പലക ഉപയോഗിക്കുകയും കോൺക്രീറ്റ് ഫിൽ ചെയ്യുമ്പോൾ ആയത് ഇളകിപോകാതിരിക്കുന്നതിനായി മറ്റ് വസ്തുക്കൾ ഉപയോഗിച്ച് ഉറപ്പിക്കുകയും ചെയ്യുന്നു.മേൽ പ്രവർത്തി സ്ഥലങ്ങളിൽ സ്ഥലപരിമിതി ഉള്ളതിനാലും, ഇത്തരത്തിൽ പലക ഉറപ്പിച്ച് കോൺക്രീറ്റ് ചെയ്തതിനു ശേഷം അവ നീക്കം ചെയ്യുന്ന പ്രവർത്തി മനുഷ്യ ശേഷി വേണ്ടതിനാലും മറുപടിയിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം ഫോം വർക്ക് നീക്കം ചെയ്തിട്ട് പിന്നീട് അവിടെ കോൺക്രീറ്റ് ചെയ്തതാണെന്നുള്ള വാദം അതിനാൽ തന്നെ അംഗീകരിക്കുവാൻ കഴിയുന്നതല്ല.ഫോം വർക്ക് ഉൾപ്പെടുത്താതെ അതിനുള്ള നിരക്ക് കൂടി അനുവദിക്കുന്നതുമൂലം (4 % ഫോംവർക്ക് നിരക്ക്) അധികചെലവ് ഉണ്ടാകുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ റോഡ് കോൺക്രീറ്റ് പ്രവർത്തികളിൽ ഫോം വർക്ക് ഉപയോഗിക്കുവാൻ പറ്റാത്ത സാഹചര്യമാണെങ്കിൽ ആയവ ഒഴിവാക്കിയുള്ള നിരക്ക് കരാറുകർക്ക് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ഭാഗം -2</u>
<u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

<u>ഇല്ല.</u>

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

സുലേഖ ചെലവ് പത്രിക പ്രകാരം

വിഹിതം നൽകിയ സ്ഥാപനം	വർഷം	തുൻ വർഷം ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക
ബ്ലോക്ക് പഞ്ചായത്ത്	2022-23	31450	112/23 കേദാരം സമഗ്ര നെൽകൃഷി വികസനം	31450
		600000	369/23 ലൈഫ് 2020 ഭവന നിർമ്മാണം എസ് സിപി	600000
		160000	140/23 ലൈഫ് ഭവന നിർമ്മാണം എസ് സിപി- തുടർ പദ്ധതി	160000
		440000	370/23 അതിദരിദ്രർക്ക ഭവന നിർമ്മാണം ജനറൽ	440000
		200000	133/23 ലൈഫ് അഡ്വീഷണൽ ലിസ്റ്റ് എസ് സ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം	200000
		1054651	368/23ലൈഫ് ഭവന നിർമ്മാണം ജനറൽ	1054651
		760000	139/23 ലൈഫ് ഭവന നിർമ്മാണം ജനറൽ - തുടർ പദ്ധതി	760000
		545250	123/23 സ്നേഹ സ്പർശം	545250
		169704	124/23 ക്ഷീര സമൃദ്ധി	169704
ആകെ		3961055		3961055
ജില്ലാ പഞ്ചായത്ത്	2022-23	31450	112/23കേദാരം	31450
		70000	144/23 ഹരിത ഭവനം	70000
		5000000	369/23 ലൈഫ് ഭവന നിർമ്മാണം എസ്സിപി	5000000
		360000	140/23 ലൈഫ് ഭവന നിർമ്മാണം എസ്സിപി -തുടർ പദ്ധതി	360000
		40000	371/21 ലൈഫ് 2020 ഫിഷറീസ് ഭവന നിർമ്മാണം	40000

		340000	370/23 ആതിദിദ്രർക്ക് ഭവനനിർമ്മാണം ജനറൽ	340000
		240000	133/23 ലൈഫ് അഡ്വീഷണൽ ലിസ്റ്റ് എസ് സ് ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം	240000
		1025349	368/23 ലൈഫ് 2020 ഭവന നിർമ്മാണം ജനറൽ	1025349
		380000	139/23 ലൈഫ് ഭവന നിർമ്മാണം ജനറൽ -തുടർ പദ്ധതി	380000
		545250	123/23 സ്നേഹസ്പർശം	545250
		164184	124/23 ക്ഷീര സമൃദ്ധി	164184
ആകെ		8196233		8196233

വാർഷിക ധനകാര്യ പത്രിക പ്രകാരം

	2021-22 B-4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ്	തൻവർഷത്തെ വരവ് (I6 + Capital Contribution)	ആകെ	സുലേഖ പത്രിക പ്രകാരമ ചെലവ് +തിരികെ ഒടുക്കിയത്	നീക്കിയിരിപ്പ്	2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	1474290	3961055	5435345	3961055	1474290	1474290
ജില്ലാ പഞ്ചായത്ത് വിഹിതം	982220	8196233	9178453	8196233	982220	982220

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻക്കൂർ നൽകിയ തുക	തൻവർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം)	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	171/23, ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിങ്ങ് 172/23, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ 104/23 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിങ്ങ്	484828/- 392794/- 267591/-		484828/- 392794/- 267591/-
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റ്	154/23	91761/-		91761/-
ആകെ				1236974

വാർഷിക ധനകാര്യ പത്രിക പ്രകാരം

	2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ്	2022-23 വർഷത്തെ നിക്ഷേപം	ആകെ	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത്	നീക്കിയിരിപ്പ്	2022-23 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്

കെ.എസ്.ഇ.ബി	8448595/-	0	8448595/-		8448595/-	*10721335/-
കേരള വാട്ടർ അതോറിറ്റി	1696186/-	0	1696186/-	460780/-		1235406/-

അപാകം ഖണ്ഡിക 1-6ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

*2022-23 വർഷം കെ.എസ്.ഇ.ബി യ്ക്ക് ഡെപ്പോസിറ്റ് വർക്കിനായി നൽകിയ 1145213/- രൂപയുടെ വിവരങ്ങൾ ധനകാര്യപത്രികയിൽ (RP) ശരിയായ ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

4-4 വായ്പ / വായ്പ തിരിച്ചടവ്

വായ്പ വിവരം	ഉത്തരവ് നമ്പർ / തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം)	തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ പത്രിക പ്രകാരം)	തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം)
KURDFC		76049295/-	3156000/-	6618846/-	72586449/-

4-5 സ്ഥിര നിക്ഷേപം

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	30396888
ഓഡിറ്റ് വർഷത്തെ വരവ്	103264165
ആകെ	133661053
ഓഡിറ്റ് വർഷത്തെ ചെലവ്	90724246
നീക്കിയിരിപ്പ്	42936807
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	296556

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-18	91761	ശ്രീ.വി.ജി.ഗോപകുമാർ, സെക്രട്ടറി
1-22(ബി)	3500	ശ്രീ.വി.ജി.ഗോപകുമാർ, സെക്രട്ടറി
1-29	41,295	ശ്രീ.വി.ജി.ഗോപകുമാർ, സെക്രട്ടറി
1-30	1,60,000	ശ്രീ.അഭയൻ.ബി (അസി. സെക്രട്ടറി)
ആകെ	296556	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.കൃഷ്ണകുമാർ.ബി.കെ, സെക്രട്ടറി	സെക്രട്ടറി, പാറശ്ശാല ഗ്രാമപഞ്ചായത്ത്	സാന്ത്വനം,റെയിൽവേ സ്റ്റേഷൻ റോഡ്, ഇഞ്ചിവിള, തിരുവനന്തപുരം.
ശ്രീ.വി.ജി.ഗോപകുമാർ, സെക്രട്ടറി	സെക്രട്ടറി	സോപാനം, മച്ചേൽ, മലയിൻകീഴ് (പി.ഒ)
ശ്രീ.അഭയൻ.ബി (അസി. സെക്രട്ടറി)	വിരമിച്ചു.	അഭയസദനം, കുന്നത്തുകാൽ, എള്ളുവിള (പി.ഒ)

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2003-04	KSATVM/GP1/805/2022 DT 20/10/2022	1
2008-09	KSATVM/GP1/805/2022 DT 20/10/2022	1

2010-11	KSATVM/GP1/805/2022 DT 20/10/2022	3
2011-12	KSATVM/GP1/805/2022 DT 20/10/2022	5
2013-14	KSATVM/GP1/805/2022 DT 20/10/2022	1
2014-15	KSATVM/GP1/805/2022 DT 20/10/2022	2
2016-17	KSATVM/GP1/805/2022 DT 20/10/2022	3
2017-18	KSATVM/GP1/234/2018 DT 03/09/2019	36
2018-19	KSATVM/GP1/2195/2019 DT 26/02/2021	35
2019-20	KSATVM/GP1/1799/2021 DT 26/02/2021	38
2020-21	KSATVM/GP1/794/2022 DT 26/11/2022	47
2021-22	KSATVM/GP1/1930/2023 DT 11/01/2023	45

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 4(1) dated 11-07-2023 and submitted on 13-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Parassala Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Parassala Grama Panchayat for the year 2022-2023

Date: 08/11/2023 **Deputy Director(H.G)**

Kerala State Audit Department

Audit Report appended to the Audit Certificate of Parassala Grama Panchayat for the Year 2022-2023.

1.Major Observations

1. Discrepancies in carrying forward of the closing balance of the previous year in respect of assets are detailed below.

There is no match between the closing balance of previous year and corresponding opening balance for the

Account No	Closing balance	Opening balance (as per RP schedule

	(as per balance sheet for the year 2021-2022)	for the year 2022-23)
Treasury Covid (799011400006518)	174400	506400
Treasury Own Fund VPFA I-3	332000	not included

2. Bank Account opened on 30.08.2022 for vathilppadi sevanam has not been included in the annual financial statement

2.Other Observations

1. Mandatory financial statements prescribed in accounting rules are not submitted for audit.

Eg- Notes on accounts, Financial Ratios

2. Cash flow statement-Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalence.

3.Lapses in making timely and accurate demand entries in respect of tax and non-tax revenues.As per Rule 17(2) of the Kerala Panchayat Raj Account Rules, the monthly demand for each item of income to be accrued by the Grama Panchayatshall be recorded by journal entry. But no such timely journal entry has been made for property tax.

4. Closing balance of LGTSB own fund account is in negative balance.

5. Recordings in cash book of Mahatma Gandhi Rural Employment Guarantee Schemes accounts does not match with details in the annual financial statement.
Details given below

	As per	
	Cash Book	AFS
OB	0	0
Receipts	1666636	1666636
Expenditure	1666636	147
Cash Book	0	0

6. Payment voucher misclassification.

Amount given to KSEB for deposit works is Rs 11,45,213/-. But it is not recorded in the correct account head ie, Advance to implementing Officers

7. Stock is not valued at the year end and recorded in balance sheet B4 schedule , Stock in hand (inventries)

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്